Vol. 23. No. 5.

# കാർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

ആണ്ടടക്കം മുൻകൂർ) May 1925. (1 ബ്രി. രൂപാമാത്രം.

# വിഷയവിവരണിക


| | | |
|---|---|---|
| | | പേജ് |
| 1. | മേമാസകീർത്തനം. ശ്രീമാൻ ഏ. റ്റി ദേവസ്സി, ഏങ്ങണ്ടിയൂർ. | 95 |
| 2. | പ്രസാധകക്കുറിപ്പുകൾ. | ,, |
| 3. | ഭാഗ്യപ്പെട്ട കൊച്ചുത്രേസ്യാ. റവ. ഫാദർ മാത്യൂ പുതിയിടം. | 97 |
| 4. | വേദപുസ്തക പാരായണം വെറി റവ ഫാദർ അലക്സാണ്ടർ സി. ഡി. | 98 |
| 5. | ക്രീസ്തോപദേശശതകം. (പദ്യം) പി. ജെ | 99 |
| 6. | വർത്തിക്കാൻപ്രദർശനം. റവ. ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. എ., ഡി. ഡി. | 101 |
| 7. | ക്രിസ്തീയ പ്രസിദ്ധീകരണങ്ങളുടെ പ്രചാരം ശ്രീമാൻ കെ. സി. വക്കി ബി. ഏ. | 102 |
| 8. | പ്രാർത്ഥനയെപ്പററി രണ്ടു വാക്കു്. ദിവ്യശ്രീ കാപ്പിൽ കത്തനാർക്കാസു ശ. പിഎച്ച്. ഡി. | 105 |
| 9. | കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്. സ്വന്തം കൊച്ചച്ചൻ. | 107 |
| 10. | തിരുഹൃദയ പൊതുനിയോഗം. | 109 |
| 11. | പുതിയ പ്രസിദ്ധീകരണങ്ങൾ. | 110 |
| 12. | വർത്തമാനസംഗ്രഹം, സിദ്ധൌഷധക്കുറിപ്പുകൾ. | 111 |
| 13. | മനോഗുണവിവരങ്ങൾ. | 113 |
| 14. | ചരമവാർത്തകൾ. | 113 |
| 15. | പഞ്ചാംഗം, പരസ്യം. | 114 |


## കുസുമ മത്സരം.

നാല്പതുമണിയാരാധന പ്രമാണിച്ചു ഇത്തവണ കുസുമം നേരത്തെ പ്രസിദ്ധപ്പെടുത്തേണ്ടിവന്നതിനാൽ കുസുമ മത്സരത്തിൻെറ ഈ മാസത്തെ കണക്കു പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കാത്തതാകുന്നു.

## കർമ്മലകുസുമം_ മണിയോർഡർ പദ്ധതി സമ്മാനങ്ങൾ.

മാർച്ച 31-ാംനു- നറുക്കെടുത്തതിൽ സമ്മാനാർഹന്മാരായവരുടെ മേൽവിലാസത്തിൻെറ രജിസ്റ്റർ നമ്പരുകൾ താഴെച്ചേർക്കുന്നു. സമ്മാനം കിട്ടിയിട്ടുള്ള തുകകൾ, അവരവരുടെ വരിപ്പണത്തോടു ചേർത്തു കണക്കിൽ വച്ചിട്ടുണ്ടെന്നുള്ള വിവരവും മാന്യവരിക്കാരെ അറിയിച്ചുകൊള്ളുന്നു.

1. കുടിശികക്കാർക്കു- (1 രൂ വീതം) 1331, 2376, 1695, 4639, 248, 1472, 2445, 690, 2231, 347.
2. തന്നാണ്ടു വരിപ്പണം വക (൮ ണ. വീതം) 418, 334, 5125, 5094, 5128, 280, 4764 5094, 5129, 29.
3. പുതിയ വരിക്കാർക്കുള്ള സമ്മാനങ്ങൾ കുസുമമത്സരം മെഡൽ വകയ്ക്കു നീക്കിവച്ചിരിക്കുന്നു.

☞ വിജ്ഞാപനങ്ങൾ കൈപ്പററിയിട്ടു ഇതേവരെ പണം അയച്ചിട്ടില്ലാത്തവർ ഉടനെ ദയവായി അയപ്പാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.



ഭാഗ്യവതിയായ കൊച്ചുത്രേസ്യാ.

(ഈശോയുടെ ചെറുകുസുമം.)

St. Joseph's Press Mannanam

# കര്‍മ്മേല കുസുമം.

പുസ്തകം ൨൩ } ൧൯൨൬ മെയ്. { ലക്കം ൬.

## മെയ്മാസ കീര്‍ത്തനം.

("നിര്‍മ്മലനായകനെ" എന്ന മട്ട്.)

പല്ലവി.

നാരിമാര്‍മൌലി മേരീ! മനോഹരി! – നാരിമാര്‍ മൌലി മേരീ!

ചരണങ്ങള്‍.

ലോകനാഥനമ്മേ! നാകലോകേശ്വരീ!
ശോകഹാരിയിവനെ കടാക്ഷിക്ക
(നാരിമാര്‍)

പാപികള്‍ക്കാലംബമായതായേ! നമോ
പാപിയാമെന്നില്വം നീ കനിയണേ!
(നാരിമാര്‍)

പുണ്യസമ്പൂര്‍ണ്ണയേ! വിണ്ണവര്‍ നാഥയേ!
കണ്ണിണചേര്‍ക്കേണമേ!യിപ്പാപിയില്‍
(നാരിമാര്‍)

മൃത്യുനേരം മഹായുദ്ധമുണ്ടാകുമ്പോള്‍
എത്തിയെന്നെത്തുണയ്ക്കാന്‍വൈകീട–
ല്ലേ! (നാരിമാര്‍)

എ. റ്റി ദേവസ്സി, ഏങ്ങണ്ടിയൂര്‍.

## പ്രസാധകക്കുറിപ്പുകള്‍.

### വണക്കമാസം.

കത്തോലിക്കാതിരുസഭ തന്‍റെ മക്കളുടെ ആത്മികാഭിവൃദ്ധിയെ ഉദ്ദേശിച്ചു വത്സരവട്ടത്തിലെ ഓരോ മാസവും ഓരോ പ്രത്യേകവണക്കത്തിന്നായി നിശ്ചയിച്ചിരിക്കുന്നു. എങ്കിലും 'വണക്കമാസം' എന്നുമാത്രം പറഞ്ഞാല്‍ തന്നെയും ദൈവജനനിയുടെ വണക്കത്തിനായി നിയമിക്കപ്പെട്ടിരിക്കുന്ന മേയ് മാസം എന്നു ജനസാമാന്യം പ്രായേണ ഗ്രഹിക്കത്തക്കവണ്ണം അത്രവലിയ ഒരു പൂജ്യത ആ മാസത്തിനു് ജനതാമദ്ധ്യത്തില്‍ സിദ്ധിച്ചിട്ടുണ്ട്. തങ്ങളുടെ സ്നേഹംനിറഞ്ഞ അമ്മയുടെ ഈ വണക്കമാസം യഥാശക്തി കൊണ്ടാടാത്തവരായി കേരളീയകത്തോലിക്കരുടെ ഇടയില്‍ ആരും ഉണ്ടാകുമെന്നു തോന്നുന്നില്ല ഇതു നമ്മുടെ കുടുംബങ്ങള്‍ക്കും, നമ്മുടെ സമുദായത്തിനും നമ്മുടെ നാട്ടിനും വലിയൊരു രക്ഷയാണെന്നു നാം അഭിമാനപൂര്‍വ്വം അനുസ്മരിക്കേണ്ടതാണ്. ദൈവജനനി വഴിയായി വരപ്രസാദ ദാനങ്ങളെ ദൈവം

ലോകത്തിനു നൽകുന്നു. ആകയാൽ ദൈവജനനിയുടെ സങ്കേതം തേടുന്നവർക്ക് ആവശ്യമുള്ള ആത്മികവും ലൌകികവുമായ നന്മകൾ ഈ അമ്മ വഴിയായി ലഭിക്കുമെന്നു നാം പൂർണ്ണമായി ഉറച്ചിരിക്കണം. നമ്മുടെ ശരണം ഒരിക്കലും വ്യർത്ഥമാകയില്ല എന്നു വി. ബെർണ്ണാർദ് ധൈര്യമായി അഭിപ്രായപ്പെടുന്നു. ആകയാൽ കീഴാണ്ടുകളേക്കാൾ വണക്കമാസാഘോഷത്തിലുള്ള തീക്ഷ്ണത ഒട്ടും കുറഞ്ഞുപോകാതെ കുടുംബത്തലവന്മാർ ശ്രദ്ധിക്കുന്നതിനു സ്വർഗ്ഗരാജ്ഞി കടാക്ഷിക്കുവാൻ പ്രാർത്ഥിക്കുന്നു.

## കൊച്ചുത്രേസ്യായുടെ നാമകരണം

അമ്പതു വർഷങ്ങൾക്കുമുമ്പു ഫ്രാൻസുരാജ്യത്തിൽ പിറന്നു്, പതിനഞ്ചാമത്തെ വയസ്സിൽ കർമ്മലീത്താസഭയിൽ പ്രവേശിച്ചശേഷം 1897 സെപ്റ്റംബർ 30-ാംനു ഇരുപത്തിനാലു വയസ്സിൽ പുണ്യകീർത്തിയോടെ ഭാഗ്യമരണം പ്രാപിച്ച ഈ അത്ഭുത കന്യകയെപ്പറ്റി കേൾക്കാത്തവർ ഇന്നു ലോകത്തിലുണ്ടായിരിക്കയില്ല. 1921 ആഗസ്റ്റ് 14-ാംനു പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈ ധീരവതിയേ ധന്യ എന്നു നാമകരണം ചെയ്തു. അനന്തരം അൻപതുവർഷം കഴിഞ്ഞിട്ടേ ഭാഗ്യവതിയെന്നു പേരുവിളിപ്പാൻ പാടുള്ളു എന്നുള്ള തിരുസ്സഭയുടെ പൊതുപ്രമാണത്തെ അതിലംഘിച്ചാണു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ 1923 ഏപ്രിൽ 29-ാംനു ഈശോയുടെ ഈ ചെറുകുസുമത്തെ 'ഭാഗ്യവതി'യെന്നു അഭിസംബോധനം ചെയ്തതു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുമുള്ള നിരന്തര പ്രാർത്ഥനകളുടെ ഫലമായി ൧൧-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഈ മെയ്മാസം 17നു നമ്മുടെ ഭാഗ്യവതിയെ "വിശുദ്ധ" എന്നു പ്രഖ്യാപനം ചെയ്യുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്ന വിവരം അത്യാഹ്ലാദപുരസ്സരം അറിയിച്ചുകൊള്ളുന്നു. 'കുസുമ'ത്തിൻെറ പ്രത്യേക രക്ഷാധികാരിണിയായ ഈ "കർമ്മലകുസുമ"ത്തിനു ലഭിക്കുന്ന അനന്യസാധാരണമായ ഭാഗ്യത്തിൽ ഞങ്ങൾ അനുമോദിക്കുന്നതോടുകൂടെ ഞങ്ങളുടെ മാന്യവായനക്കാരെല്ലാവരും ഞങ്ങളോടു ചേർന്നുകൊണ്ടു നമ്മുടെ മദ്ധ്യസ്ഥയേ അനുമോദിക്കുന്നതിനും, ദൈവത്തെ സ്തുതിക്കുന്നതിനും ഞങ്ങൾ ഹാർദ്ദമായി ക്ഷണിക്കയും ചെയ്തുകൊള്ളുന്നു. കൊച്ചുത്രേസ്യായുടെ കൊച്ചുവഴി സർവ്വത്ര പ്രചരിക്കയും, തദ്വാരാ ദൈവം തൻെറ പരിശുദ്ധയിൽ സ്തുതിക്കപ്പെടുകയും ചെയ്യുമാറാകട്ടെ!

## വേദപ്രചാരം.

റോമയിലെ വേദപ്രചാരസംഘത്തിൻെറ കഴിഞ്ഞയാണ്ടത്തെ റിപ്പോർട്ടു പ്രസിദ്ധീകരിച്ചിരിക്കുന്നു. മൂന്നു ലക്ഷത്തിപതിനേഴായിരം പവൻ ലോകമൊക്കെയിലുമുള്ള സംഘാംഗങ്ങളിൽ നിന്നു പിരിച്ചു വേദപ്രചാരാർത്ഥം വിഭജിച്ചുകൊടുത്തിട്ടുണ്ടു്. ഇൻഡ്യയിൽ നിന്നു പിരിച്ചയച്ചിട്ടുള്ള തുക തൊള്ളായിരം പവൻ മാത്രമാണെങ്കിലും ഇങ്ങോട്ടു കിട്ടീട്ടുള്ളതു മുപ്പത്തീരായിരത്തോളംവരും. നമ്മുടെ രാജ്യത്തു ഇനിയും വേദപ്രചാരസംഘങ്ങൾ ക്രമമായി നടപ്പിൽ വന്നിട്ടില്ലാത്തതു വലിയ ഒരു പ്രതിബന്ധമായിട്ടാണിരിക്കുന്നതു്. മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ ഒരു ഇടയലേഖനത്തിൽ ഇതേപ്പറ്റി പ്രസ്താവിച്ചിട്ടുള്ള ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു.

"ഈ സംഘത്തിൽ ചേർന്നു അതിൻെറ ചട്ടങ്ങളനുസരിച്ചുവരുന്നവർ ദൈവസഹായം അപേക്ഷിക്കയും ദ്രവ്യസഹായം ചെയ്കയും ചെയ്യുന്നതുകൊണ്ടു മനസ്സുതിരിവിനുവേണ്ടി ഫലപ്രദമായി വേല ചെയ്യുന്നു എന്നതിനു സംശയമില്ല. ഓരോരുത്തനും കൊടുക്കുന്ന സംഖ്യ തുച്ഛമാണെങ്കിലും അധികംപേർ കൊടുക്കുമ്പോൾ അതു വലിയ സംഖ്യയായിത്തീരുകയും, വലിയ കാര്യം നടത്താൻ മതിയാകയും ചെയ്യും. തീരെ നിർദ്ധനരായിരിക്കുന്ന കൂലിവേലക്കാർക്കുപോലും കൊടുക്കുന്നതിനു സാധിക്കത്തക്കവണ്ണം മാസത്തിൽ ൩ പൈ മാത്രമാണു അംഗങ്ങൾക്കു വരിസംഖ്യയായി നിശ്ചയിച്ചിരിക്കുന്നതു്. നമ്മുടെ കർത്താവീശോമിശിഹായുടെ തിരുച്ചോരയാൽ വീണ്ടുകൊള്ളപ്പെട്ട ആത്മാക്കളെ രക്ഷിക്കുന്നതിനായി ഇപ്രകാരമുള്ള ഒരു നിസ്സാര സംഖ്യ മാസത്തിലൊരിക്കൽ കൊടുക്കുന്നതിനു മനസ്സില്ലെന്നു ആരെങ്കിലും പറയുമൊ?"

# ഭാഗ്യപ്പെട്ട കൊച്ചുത്രേസ്യാ.

## ഒന്നാം അദ്ധ്യായം. (തുടർച്ച.)

കായികങ്ങളും മാനസികങ്ങളുമായ പീഡനങ്ങൾവഴിയായി പക്വത പ്രാപിച്ചിട്ടുള്ള എനിക്കു ഇപ്പോൾ അതീതങ്ങളിലേയ്ക്കു് സാവകാശം തിരിഞ്ഞുനോക്കാൻ കഴിയും. 'കർത്താവു എന്റെ ഇടയനാകുന്നു; എനിക്കു യാതൊരു പോരായ്മയും ഉണ്ടായിരിക്കയില്ല; അവിടുന്നു എന്നെ ഹരിതവർണ്ണമായ മേച്ചിൽ ഭൂമിയിൽ കിടത്തുകയും പ്രശാന്തപേശലമായ സരസ്സിങ്കലേക്കു് എന്നെ ആനയിക്കയും ചെയ്യുന്നു. അങ്ങുന്നു എന്റെ ആത്മാവിനു ശക്തി നൽകുന്നു .. മരണനിഴലിന്റെ താഴ്വരയിൽക്കൂടി ഞാൻ നടക്കുന്നതായാലും ഞാൻ തിന്മ ഭയപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ നീ എന്നോടുകൂടിയുണ്ടു.' മേൽ ഉദ്ധരിച്ച വേദവാക്യങ്ങളുടെ അന്തസ്സാരത്തെ എന്നിൽത്തന്നെ കണ്ടുകൊണ്ടു കൊടുങ്കാററിനുശേഷം ഒരു കുസുമമെന്നകണക്കെ ഞാൻ തല ഉയർത്തുന്നു. അതേ! കർത്താവു കാരുണ്യവാനും ദീനദയാലുവും ശിക്ഷിക്കുന്നതിൽ സാവകാശിയും മഹാ അനുഗ്രഹകാരനും ആകുന്നു. ഈ അനുഗ്രഹത്തെയാണു് ഞാൻ ഗാനം ചെയ്വാൻ ഒരുമ്പെടുന്നതു്. പ്രിയ അമ്മേ, അവിടത്തേയ്ക്കുവേണ്ടിമാത്രമാണു് ഈ ചെറു കുസുമത്തിന്റെ കഥ ഞാൻ എഴുതുന്നതു. ഈശോ ഇതിനെ അറുത്തെടുത്തിട്ടുള്ളതുമാണല്ലൊ. തന്മൂലം എന്റെ ഭാഷാരീതിയേയോ വ്യതിയാനങ്ങളേയോ സംബന്ധിച്ചു ഞാൻ അത്ര ഉൽക്കണ്ഠയുള്ളവളായിരിക്കയില്ല. ഞാൻ എത്രകണ്ടുവിക്കിപ്പറഞ്ഞാലും ഇംഗിതം എന്തെന്നു അമ്മയ്ക്കു ഊഹിപ്പാൻ കഴിയുമല്ലൊ.

ഒരു ചെറിയ പൂവിനു സംസാരിപ്പാൻ പാടുണ്ടായിരുന്നെങ്കിൽ ദൈവം അതിനു ചെയ്തിട്ടുള്ള മനോഗുണങ്ങളെക്കുറിച്ചു യാതൊരു മറവും കൂടാതെ പരമാർത്ഥബുദ്ധ്യാ നമ്മോടു പറയുമായിരുന്നെന്നാണു് എനിക്കു തോന്നുന്നതു്. അതു സ്വയം വിരൂപമെന്നോ, വെയിലത്തു് ഞണങ്ങി കരിഞ്ഞതെന്നോ, വർഷപാതമേററതെന്നോ, ഗന്ധവിഹീനമെന്നോ, വാസ്തവം അപ്രകാരമല്ലാത്തപക്ഷം പറകയില്ല. ആ വിധമുള്ള എളിമ കപടം നിറഞ്ഞതായിരിക്കയേയുള്ളൂ. ഇപ്പോൾ സ്വന്തവൃത്താന്തം പറഞ്ഞുകേൾപ്പിപ്പാൻ പോകുന്ന ചെറിയ കുസുമം അതിനു ഒരു പ്രകാരത്തിലും അർഹതയില്ലാത്തതും നമ്മുടെ കർത്താവിൽനിന്നു ധാരാളമായി ലഭിച്ചിട്ടുള്ളതുമായ ഇഷ്ടപ്രസാദവരങ്ങളെക്കുറിച്ചു അതീവ സന്തുഷ്ടി പൂണ്ടിരിക്കുന്നു. ന. കർത്താവിന്റെ കണ്ണുകളെ ആകർഷിക്കുന്നതിനു പര്യാപ്തമായ യാതൊന്നും അതിനുണ്ടായിരുന്നില്ല, സകലവും അവിടത്തെ കാരുണ്യത്തിനു കടപ്പെട്ടിരിക്കുന്നു. ന. ക. അതിനെ പരിപാവനമായ ഒരു ഉദ്യാനത്തിൽ. പരിശുദ്ധതാസുഗന്ധപൂരിതമായി വളരുന്നതിനു കാരണമാക്കി. ഇതേ ഉദ്യാനത്തിൽ മുമ്പേതന്നെ പങ്കമററ എട്ടു ലീലിപ്പൂക്കൾ വികസിച്ചിട്ടുണ്ടായിരുന്നു. താൻ അതിനെ ലോകത്തിന്റെ പാപം നിറഞ്ഞ വിഷവായുവിൽനിന്നു സ്നേഹപൂർവ്വം പരിരക്ഷിക്കയും അതു വികസിക്കാറായപ്പോൾ കർമ്മലമലയിലെ പരിശുദ്ധ കന്യകയുടെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യാനത്തിൽ ചുവടെ പിഴുതെടുത്തു നടുകയും ചെയ്തു. ഏററവും പ്രിയ അമ്മേ, ദൈവം എനിക്കു ചെയ്ത മനോഗുണങ്ങളുടെ ഒരു രത്നച്ചുരുക്കമാണു് ഇതേവരെ പ്രസ്താവിച്ചതു. ഇനിമേൽ എന്റെ ബാല്യപ്രായത്തെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കാം. മററുള്ളവർക്കു ദീർഘമേറിയ ഈ വർണ്ണനകൾ മുഷിച്ചിലിനു കാരണമായേക്കാം. എന്നാൽ അമ്മ ഇവയെ സന്തോഷപുരസ്സരം പാരായണം ചെയ്യുമെന്നു ഞാൻ നിശ്ചയമായി അറിയുന്നു.

ഈ കന്യകാമഠത്തിൽ ചേരുന്നതിനു മുമ്പുള്ള എന്റെ ജീവചരിത്രത്തിൽ മൂന്നു വ്യത്യസ്ഥമായ കാലഘ

ട്ടങ്ങളുണ്ടു്. ആദ്യത്തേതു ഹ്രസ്വമെങ്കിലും എൻെറ മനസ്സിൽ ഒന്നും രേഖപ്പെടുത്താതെയല്ല കഴിഞ്ഞുകൂടിയിട്ടുള്ളതു. അതു എൻെറ ഗുണവതിയായ മാതാവിൻെറ നിര്യാണത്തോടുകൂടി അവസാനിച്ചു. അന്നു എനിക്കു നാലു വയസ്സും എട്ടു മാസവും പ്രായമായിരുന്നു. ദൈവം എനിക്കു കാലേകൂട്ടി ബുദ്ധിയുടെ പ്രകാശം നൽകിയിരുന്നതിനാൽ ഇപ്പോൾ എനിക്കു ആ കാലഘട്ടങ്ങളെ ഇന്നലത്തെ എന്നപോലെ അനുസ്മരിക്കാൻ കഴിയും. കാലം ചെയ്ത എൻെറ മാതാവു എത്ര സൽഗുണസംപൂർണ്ണയായിരുന്നുവെന്നു, ഈശോ തൻെറ ആ ദാനത്തെ തിരിച്ചെടുത്തു സ്വർഗ്ഗത്തിൽ മകുടമണിയിക്കുന്നതിനു മുമ്പു എന്നെ അറിയിക്കുന്നതിനു തിരുമനസ്സായി. എൻെറ ജീവിതം സ്നേഹഭാജനങ്ങളായ മിത്രങ്ങളുടെ ഇടയിൽ കഴിഞ്ഞുകൂടണമെന്നായിരുന്നു ദൈവേഷ്ടം. മാധുര്യമേറിയ മന്ദസ്മിതങ്ങളും പരിലാളനങ്ങളുമാണു എൻെറ സ്മൃതിരംഗത്തിൽ ഇദംപ്രഥമമായി അങ്കുരിക്കുന്നതു്. നമ്മുടെ നല്ല ദൈവം സ്നേഹം നിറഞ്ഞതും മാർദ്ദവവുമായ ഒരു ഹൃദയവും എനിക്കു നൽകാതിരുന്നില്ല. എൻെറ മാതാപിതാക്കന്മാരെ ഞാൻ വളരെ അധികം സ്നേഹിച്ചിരുന്നു. എൻെറ പക്ഷം ബഹുവിധത്തിൽ ഞാൻ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടു. ചിലപ്പോഴത്തെ കഥ ഓർക്കുമ്പോൾ പുഞ്ചിരിവന്നുപോകുന്നു. മാൻസ്സ് എന്ന സ്ഥലത്തെ വിസിറ്റേഷൻ കന്യകാമഠത്തിൽ അന്നു ഒരു ബോർഡർ ആയിരുന്ന എൻെറ സഹോദരി പവുളീനു എൻെറ അമ്മ അയച്ച ഏതാനും കത്തുകൾ അവിടുന്നു് എൻെറ പക്കൽ ഏൽപ്പിച്ചിട്ടുണ്ടല്ലോ. അവയിൽ കണ്ടുമുട്ടുന്ന വിശേഷസംഭവങ്ങൾ അത്രയും എൻെറ ഓർമ്മയിൽ നവമായി സ്ഥിതിചെയ്യുന്നു. ഏതാനും ഭാഗങ്ങൾ ഇവിടെ പകർത്തിക്കൊള്ളട്ടയോ? എൻെറ സ്നേഹമേറിയ മാതാവു് എന്നോടുള്ള വിശേഷ പക്ഷം മൂലം അല്പമായ സ്തുതി എനിക്കു തരുന്നുണ്ടു്. എൻെറ സ്നേഹത്തെ പ്രസ്പഷ്ടമാക്കുന്ന അസാധാരണമാർഗ്ഗങ്ങളെ ഞാൻ പറഞ്ഞിട്ടുള്ളതിനു താഴെ ഉദ്ധരിക്കുന്നഭാഗം സാക്ഷ്യം വഹിക്കുന്നു. "എന്തൊരു വിശേഷമായ കുഞ്ഞാണു് ത്രേസ്യാക്കുട്ടി, അവൾ എന്നെ ചുംബിക്കയും ഞാൻ മരിപ്പാൻ ആഗ്രഹിക്കയും ചെയ്യുന്നു. അവൾ പറയും "ഹാ കുഞ്ഞമ്മച്ചി! അമ്മച്ചി മരിച്ചുന്നെങ്കിൽ എത്ര നന്നായിരുന്നു!" ഞാൻ ശാസിക്കുമ്പോൾ വിസ്മയത്തോടെ അവൾ ഉത്തരിക്കും. "എന്തു് അമ്മച്ചി സ്വർഗ്ഗത്തിൽ പോകാനാണു് ഞാൻ പറയുന്നതു്. അവിടെ പോകുന്നതിനു നമ്മൾ മരിക്കണമെന്നു മുമ്പേ അമ്മ എന്നോടു പറഞ്ഞതല്ലേ" അവളുടെ അപ്പൻെറനേക്കുള്ള സ്നേഹപ്രകടനത്തിലും ഇതേ ആഗ്രഹമാണു് അവൾക്കുള്ളതു്.... ത്രേസ്യാക്കുട്ടി എൻെറ പിറകിൽനിന്നു മാറുകയില്ല, ഞാൻ പോകുന്നിടത്തൊക്കെ പ്രത്യേകിച്ചു തോട്ടത്തിലും, എൻെറ കൂടെ പോന്നെങ്കിലെ അവൾക്കു തൃപ്തിവരികയുള്ളു. ഞാൻ അവിടെ അല്ലാത്തപ്പോൾ വീട്ടിലേക്കു് തിരിച്ചുകൊണ്ടുപോവുന്നതിനായി അവൾ കരയും. ഗോവണികയറുമ്പോൾ പടിതോറും അവൾ കുഞ്ഞമ്മച്ചി എന്നു വിളിക്കും. എന്താ കുഞ്ഞേ! എന്നു ഒരു തവണ ഉത്തരിക്കാഞ്ഞാൽ മതി അവൾ അവിടെത്തന്നെ നിൽക്കും. പിന്നീടു ഞാൻ എന്താ കുഞ്ഞെ! എന്നു പറയണം അവൾ മുമ്പോട്ടൊരടി എടുത്തുവയ്ക്കണമെങ്കിൽ."

ഫാദർ മാത്യു പുതിയിടം.

## വേദപുസ്തകപാരായണം.

സകല വിശ്വാസികളേയും വായിച്ചുകേൾപ്പിക്കേണമെന്നുള്ള നിബന്ധനയോടുകൂടി വി. പൗലോസ് ശ്ലീഹാ തെസ്സലൊനീക്കക്കു് എഴുതി അ

യച്ച ഒന്നാംലേഖനത്തിന്റെ കടശിഭാഗത്തിൽ സകല വിശ്വാസികൾക്കും ഉപകരിക്കുന്ന ഉപദേശങ്ങളുടെ ഒരു ശേഖരം അടങ്ങിയിരിക്കുന്നു. കുസുമവായനക്കാരുടെ ഉപയോഗത്തിനായി സുറിയാനി പ്ശീത്താ പ്രതിയിൽനിന്നു ഈഭാഗം തർജ്ജമചെയ്തു താഴെച്ചേർക്കുന്നു:—

“സഹോദരന്മാരേ! നിങ്ങളുടെ ഇടയിൽ പ്രയത്നിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും നിങ്ങളോടു ഉപദേശിക്കയും ചെയ്യുന്നവരെ നിങ്ങൾ അറിയേണമെന്നും, വലിയ സ്നേഹത്തോടെ അവരെ മാനിക്കേണമെന്നും അവരുടെ വേല നിമിത്തം അവരോടു സമാധാനമായിരിക്കേണമെന്നും ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. സഹോദരന്മാരേ! ഇനിയും ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നതു എന്തെന്നാൽ: ക്രമക്കേടുകാരെ ഓർമ്മപ്പെടുത്തുവിൻ; മനസ്സുറപ്പില്ലാത്തവരെ ആശ്വസിപ്പിക്കുവിൻ, ബലക്ഷയക്കാരെ സഹായിപ്പിൻ, എല്ലാവരോടും ക്ഷമയായിരിപ്പിൻ; യാതൊരുത്തനും തിന്മക്കു പകരം തിന്മ ആരോടും ചെയ്യാതിരുപ്പാൻ സൂക്ഷിച്ചുകൊണ്ടു്, തമ്മിൽതമ്മിലും എല്ലാവർക്കും നന്മചെയ്‌വാൻ ഉത്സാഹിപ്പിൻ, എല്ലായ്പോഴും സന്തോഷമായിരിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ, സകലത്തിലും സ്തോത്രംചെയ്‌വിൻ; എന്തുകൊണ്ടെന്നാൽ ഈശോമിശിഹായിൽ നിങ്ങളെക്കുറിച്ചുള്ള ദൈവ(തിരു)മനസ്സു ഇതാകുന്നു. നിങ്ങൾ അരൂപിയെ കെടുത്തരുതു്; ദീർഘദർശനങ്ങളെ നിന്ദിക്കയുമരുതു്. സകലത്തേയും പരിശോധിച്ചു നന്മ ആയിട്ടുള്ളതിനെ സ്വീകരിപ്പിൻ. തിന്മയൊക്കയിൽനിന്നും ഓടിയൊളിപ്പിൻ. എന്നാൽ സമാധാനത്തിന്റെ ദൈവംതന്നെ നിങ്ങളെല്ലാവരെയും പൂർണ്ണമായി ശുദ്ധീകരിക്കട്ടെ; നമ്മുടെ കർത്താവീശോമ്ശിഹായുടെ വരവിലേക്കു നിങ്ങളുടെ അരൂപിയേയും ആത്മാവിനേയും ശരീരത്തേയും കറകൂടാതെ അങ്ങുന്നു കാത്തുകൊള്ളുമാറാകട്ടെ! നിങ്ങളെ വിളിച്ചവൻ വിശ്വസ്തനാകുന്നു; അയാൾ അതു നിവർത്തിക്കയും ചെയ്യും. സഹോദരന്മാരേ! നിങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ. സകല സഹോദരന്മാരോടും വിശുദ്ധ ചുംബനംകൊണ്ടു സ്വസ്തി പറവിൻ. ഈ ലേഖനം സകല വിശുദ്ധ സഹോദരന്മാർക്കും വായിക്കപ്പെടേണമെന്നു ഞാൻ നിങ്ങളോടു നമ്മുടെ കർത്താവിൽ ആണയിടുന്നു. നമ്മുടെ കർത്താവീശോമ്ശിഹായുടെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ! ആമ്മേൻ.” (1 Thessal. V. 12–28)

ഫാദർ അലക്ക്സാണ്ടർ സി. ഡി.

## ക്രിസ്തോപദേശശതകം. (തുടർച്ച)

(പി. ജെ.)

അജ്ഞന്മാർ ചെയ്തിടുംപോലെ
ഉരുവിട്ടു ജപിക്കൊലാ
ഭൂരിവാക്കാൽ ഫലം ഭൂരി-
യെന്നു ചിന്തിച്ചിടുന്നവർ. 51

ദൈവം സർവ്വജ്ഞനാണല്ലോ
ഏറെ ജല്പിപ്പതെന്തിനു?
ഈവിധം ചൊല്ലുവിൻ നിങ്ങൾ
ദിവസംപ്രതി പ്രാർത്ഥനാ:— 52

“ദ്യോവിൽവാഴും പിതാവേ! നിൻ
നാമം പാവനമാകണം.
കർത്താവേ, നിന്റെ സാമ്രാജ്യം
പരന്നീടട്ടിഹത്തിലും. 53

നിൻഹിതം ദ്യോവിലെവ്വണ്ണം
അവ്വിധം ഭൂവിലാകണം.
അന്നന്നുള്ളഷ്ടിയിന്നേക്കും
ഞങ്ങൾക്കേകുക, ദൈവമേ. 54

തെറ്റുകാർക്കെവ്വിധം ഞങ്ങൾ
മാപ്പു ചെയ്യുമതേവിധം
അടിയാരുടെ കുറ്റങ്ങൾ
ക്ഷമിച്ചീടുക സർവ്വദാ. 55

വ്യാമോഹമാം മഹാഗ്നിയ്ക്കി-
ന്നിരയാക്കൊല്ല ഞങ്ങളേ,
തിന്മയിൽനിന്നു രക്ഷിക്ക,
ആമ്മേൻ, പാഹി, മഹേശ്വരാ!” 56

നിങ്ങൾക്കന്യൻ വരുത്തുന്ന
തെറ്റുകൾ ക്ഷമിയായ്കിലോ
നിങ്ങൾക്കും മാപ്പുകിട്ടാനാ-
യാശിക്കുന്നതു ന്യായമോ? 57

ഡംഭന്മാർ നോമ്പുനോൽക്കുമ്പോൾ
മുഖം വികൃതമാക്കിടും
മർത്ത്യന്മാർ കണ്ടുഘോഷിക്കും
അതുതന്നെയതിൻഫലം 58

നിങ്ങളോ നോമ്പുകാലത്തു്
ഘോഷിച്ചീടായ്ക വസ്തുത.
ദൈവം കാൎയ്യം ഗ്രഹിച്ചീടും
നൽകും നിങ്ങൾക്കു വൻഫലം 59

നിക്ഷേപംവയ്ക്കൊലാ നിങ്ങൾ
ലോകത്തുള്ളറയൊന്നിലും.
കള്ളന്മാർ കൊണ്ടുപോം, പിന്നെ
എലിപാറ്റയുമേറിടും. 60

നിക്ഷേപിക്കുക സ്വർല്ലോകേ
നിങ്ങൾക്കാവതു സർവ്വവും
ചോരന്മാർക്കിരയാകില്ല
അരിക്കില്ല പുഴക്കളും. 61

ഏതിടത്തിൽ ധനം നിങ്ങൾ
ചേർത്തുസൂക്ഷിച്ചിടുന്നുവോ
ആയിടത്തിലിരുന്നീടും
നിങ്ങൾക്കുള്ളൊരു ചിത്തവും 62

നേത്രംപാർത്താൽ മനുഷ്യന്റെ
ഗാത്രത്തിന്നുള്ള ദീപ്തിതാൻ
നേത്രംനന്നായിരുന്നാകിൽ
മർത്ത്യദേഹം വിളങ്ങിടും. 63

നിൻകണ്ണോ തിന്മയാണെങ്കിൽ
നിൻദേഹം ക്രൂരിരുട്ടുതാൻ
നിൻവെട്ടം ക്രൂരിരുട്ടാകിൽ
അത്യുഗ്രം നിൻ തമസ്സഹോ! 64

രണ്ടീശന്മാരെ നമ്പീടിൽ
രണ്ടിലേകൻ മുഷിഞ്ഞിടും
ലോകാശയ്ക്കടിമപ്പെട്ടാൽ
ലോകനാഥൻ ക്ഷമിയ്ക്കുമോ? 65

അഷ്ടിവസ്ത്രമിദംചിന്തി-
ച്ചെന്തിനേറ്റം മനഭ്രമം
കൊറ്റു,ടുപ്പിവയേക്കാട്ടിൽ
വരിഷ്ഠം നിന്റെ ജീവിതം. 66

ആകാശേ പക്ഷിജാലങ്ങൾ
സ്വൈരമായ് കഴിയുന്നിതാ
വിതയ്ക്കുന്നില്ല കൊയ്യുന്നി-
ല്ലെന്നാലും കഴിയുന്നവ. 67

സ്രഷ്ടാവേകുന്നവയ്ക്കെല്ലാ-
മഷ്ടിയും വസ്ത്രവും ക്രമാൽ;
അതിലും കഷ്ടമോ നിങ്ങൾ
ഈശൻമുമ്പിൽ, നിനയ്ക്കുവിൻ. 68

അധികം ചിന്ത ചെയ്യെന്നാൽ
വല്ലതും സാദ്ധ്യമാകുമോ?
പൊക്കമിന്നണുവും കൂട്ടാൻ
ചിന്തകൊണ്ടു നടക്കുമോ? 69

ആമ്പൽപ്പുഷ്പം നിരീക്ഷിപ്പിൻ
രമ്യകോമളമാണതു്?
ശ്ലേമോനുള്ളങ്കിയും പാർത്താ-
ലതിനോടു ജയിച്ചിടാ. 70

അവയുണ്ടോ ശ്രമിക്കുന്നു
വസ്ത്രംകൊണ്ടു ചമഞ്ഞിടാൻ?
അവയ്ക്കേകുന്നു സർവ്വസ്വം
സർവ്വേശൻ നാളതോറുമേ. 71

നിർജ്ജീവിയ്ക്കീശനീവണ്ണം
ചെയ്യുന്നെങ്കിൽ മനുഷ്യനോ?
വിശ്വാസം പതറുന്നോരേ,
ധ്യാനംചെയ്തു ധരിക്കുവിൻ. 72

നിത്യം പോരായ്ക സർവ്വസ്വം
തീർത്തിടും സ്വർഗ്ഗതാതനും
നിങ്ങൾക്കുവേണ്ടതെന്തെല്ലാ-
മെന്നു നാഥനറിഞ്ഞിടും. 73

ആദ്യമായ് ദൈവരാജ്യത്തെ
അന്വേഷിച്ചു പിടിക്കുവിൻ;
ദൈവനീതിയുമാരായ്ക,
പിന്നെയെല്ലാം തികഞ്ഞിടും. 74

നാളേയ്ക്കുള്ളവ ചിന്തിച്ച്
ബദ്ധപ്പെട്ടു നടക്കൊലാ,
ഇന്നത്തേ വിഷമംതന്നേ-
യിന്നുതീർക്കാൻ തുലോം പണി. 75

# വത്തിക്കാൻ പ്രദർശനം.

ഡിസംബർ ൨൧-ാംനു- ഞായറാഴ്ച പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വത്തിക്കാൻ പ്രദൎശനത്തിന്റെ ഉൽഘാടനകൎമ്മം ആഘോഷപൂൎവ്വം നിൎവ്വഹിച്ച വിവരം പത്രങ്ങൾ വഴി ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമല്ലൊ. കർദ്ദിനാളന്മാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, പ്രഭുക്കൾ, വിദേശസ്ഥാനപതികൾ ആദിയായി ചുരുക്കം ചിലൎക്കും പ്രോപ്പഗാന്ത തിരുസംഘത്തിലെ അംഗങ്ങൾക്കും മാത്രമേ അന്നു പ്രദൎശനശാലയിൽ പ്രവേശനമുണ്ടായിരുന്നുള്ളു. പ്രദൎശന കമ്മററിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ കാർഡിനൽ വൻറോസം തിരുമനസ്സുകൊണ്ടു ആദ്യംതന്നെ ഒരു ചെറിയ പ്രസംഗംചെയ്തു. അതിനുശേഷം പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ഹൃദയസ്പൎശകമാംവണ്ണം അരുളിച്ചെയ്ത പ്രസംഗത്തിൽ ഇൻഡ്യയുടെ പ്രേഷകനായ വി. തോമ്മാശ്ലീഹായുടെ തിരുനാൾ ദിനം (ലത്തീൻ റീത്തുകാർ ഡിസംബർ ൨൧-നു-യാണ് വി. ശ്ലീഹായുടെ തിരുനാൾ കൊണ്ടാടുന്നതു്.) പ്രേഷകസംബന്ധമായ ഈ കൎമ്മം നിർവഹിക്കുന്നതിൽ തനിക്കു തിയായ ആനന്ദമുണ്ടെന്നും തന്റെ ആഗ്രഹപ്രകാരം ഇത്ര അഭൂതപൂൎവ്വമായ ഒരു പ്രദൎശനം തയാർ ചെയ്തതിലേക്കു കമ്മററിക്കാരേയും, അതിലേക്കു സാമാനങ്ങളയച്ചവരേയും താൻ ഹൃദയപൂൎവ്വം ആശീൎവ്വദിക്കുന്നു എന്നും പ്രസ്താവിച്ചശേഷം സന്നിഹിതരായിരുന്ന സകലൎക്കും ഗ്ലൈഹികമായ വാഴ്വ നൽകി. തദനന്തരം എല്ലാവരോടുംകൂടെ പ്രദൎശനശാലയിലെല്ലാം തിരുമേനി ചുററിനടന്നു കാണുകയുണ്ടായി. മലങ്കര മാർതോമ്മാ ക്രിസ്ത്യാനികളുടെ ശാലയിൽ എഴുന്നള്ളി അവിടെ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന മാർതോമ്മാ ശ്ലീഹായുടെ പടം കണ്ടു വളരെ സന്തോഷിച്ചു് "ഇതാ തോമ്മാ ശ്ലീഹായുടെ പടമെന്നു" കൂടെയുണ്ടായിരുന്നവരോടു് അരുളിച്ചെയ്തു എന്നുള്ളതും പ്രസ്താവയോഗ്യമാണു്.

മേല്പറഞ്ഞ പ്രോൽഘാടനാവസരത്തിൽ ജപ്പാൻ, ആസ്ത്രേലിയാ മുതലായ രാജ്യങ്ങളിൽനിന്നു സാമാനങ്ങളെല്ലാം വന്നുചേൎന്നിട്ടില്ലായിരുന്നു. രണ്ടുമൂന്നാഴ്ചകൾക്കു മുമ്പായി അവയെല്ലാം വന്നെത്തുകയും പുതിയതായുണ്ടാക്കിയ മൂന്നു കെട്ടിടങ്ങളിൽ ക്രമപ്പെടുത്തിവയ്ക്കുകയും ചെയ്തുകഴിഞ്ഞു. ഇവയുടെ ഉൽഘാടനം ഫെബ്രുവരിമാസം ൧൯-ാംനു- പരിശുദ്ധ പിതാവ് ആഡംഭരമായി നടത്തുകയാണുണ്ടായതു്. കർദ്ദിനാൾ വാൻറോസ്സും, കർദ്ദിനാൾ മെരി ദെൽവാൾ (State Secretary), മോൺസിഞ്ഞോർ മാൎക്കേത്തി മുതലായി പ്രദൎശനത്തോടു പ്രത്യേക ബന്ധം ഉണ്ടായിരുന്നവരും, മിസ്സ്യങ്ങളുടെ പ്രതിനിധികളുമല്ലാതെ വേറെ അധികമാരെയും ക്ഷണിച്ചിരുന്നില്ല. അന്നുച്ചതിരിഞ്ഞു സന്ദൎശകന്മാരെ അകത്തേയ്ക്കു വിടുകയുണ്ടായതുമില്ല. വത്തിക്കാൻ മ്യൂസ്യത്തിന്റെ കാൽമൈൽ നീളത്തിലധികം വരുന്ന ഒരു സാളയുടെ ഇരുഭാഗവും മിസ്സങ്ങളുടെ ഉത്ഭവവും, ചരിത്രവും അഭിവൃദ്ധിയും കാണിക്കുന്നതിനായി വിട്ടുതന്നിട്ടുണ്ടായിരുന്നു. ഇതിൽ ഇരുപതടി നീളവും ൧൫ അടി പൊക്കവുമുള്ള ഒരു സ്ഥലം സ്വദേശമിസ്സങ്ങൾക്കായി അനുവദിച്ചിരുന്നു. അവിടെ നമ്മുടെ സെമ്മിനാരികളുടെ പടങ്ങളും, മെത്രാന്മാരുടെ ഫോട്ടോയും മററും വച്ചിട്ടുണ്ടായിരുന്നു. ജൎമ്മൻകാരനായ ഡോക്ടർ ഓഫ് ഓസറിന്നു ആയിരുന്നു ഇതിന്റെ മേൽനോട്ടം. എന്നാൽ അദ്ദേഹം ബവേറിയായിലേക്കു പോയിരുന്നതിനാൽ ഈ ഭാഗത്തിന്റെ പ്രാതിനിധ്യം വഹി

ക്കുന്നതിന്നു എനിക്കു ഭാഗ്യംലഭിച്ചു. പരിശുദ്ധ പിതാവ് ആദ്യം ഇടത്തുവശത്തുള്ള മുറികൾമാത്രം പരിശോധിച്ചുവരികയായിരുന്നു. എന്നാൽ ഹാളിന്ന് വീതി കുറവായിരുന്നതുകൊണ്ടും തിരിച്ചുവരുമ്പോൾ വലത്തുഭാഗവും പരിശോധിക്കുമെന്നറിവില്ലാതിരുന്നതിനാലും ഞാൻ നിന്നിരുന്ന സ്ഥലത്തിന്റെ എതിരായി പരിശുദ്ധപിതാവു വന്നപ്പോൾ ഞാൻ ചെന്നു മുട്ടുകുത്തി തിരുഅംഗുലീയം ചുംബനംചെയ്തു. ഉടനെ നമ്മുടെ പ്രദർശനശാലയിലേക്കു തിരിഞ്ഞു നാട്ടുമെത്രാസന സ്ഥാപനങ്ങളുടെ വിഭാഗമാണിതെന്നു ഞാൻ തിരുമനസ്സറിയിച്ചു.

ഇതിന്റെശേഷം മുൻപോലെ മററു സ്ഥാപനങ്ങളെ പരിശോധിച്ചു മുന്നോട്ടുനടന്നു. ഇനി താമസിച്ചിട്ടു കാര്യമില്ലെന്നു വിചാരിച്ചു ഞാൻ പുറപ്പെടാൻ ഒരുങ്ങിയപ്പോൾ തിരിച്ചുവരുമ്പോളാണ് ആ വശം പരിശോധിക്കുന്നതെന്ന് ഒരു കമ്മററി അംഗമായ മോൺസിഞ്ഞോർ എർകൊളെ എന്നോടു പറഞ്ഞു. ഏകദേശം രണ്ടുമണിക്കൂറു കഴിഞ്ഞപ്പോഴാണ് ജപ്പാൻ, ഓസ്ത്രേലിയാ, മുതലായ സ്ഥലങ്ങളിലെ പ്രദർശനശാല പുസ്തകശാല മുതലായതു സന്ദർശിച്ചിട്ടു മാർപ്പാപ്പാ മടങ്ങിവന്നതു്. ഒടുവിൽ നമ്മുടെ ഹാളിന്റെ അടുത്ത 'മിൽഹിൽ' മിഷ്യൻകാരുടെ സ്ഥലം പരിശോധിച്ചിട്ടു വീണ്ടും നമ്മുടെ സ്ഥലത്തേക്കു വന്നു. പതിവുപോലെ ഞാൻ മുട്ടുകുത്തി തിരുഅംഗുലീയംചുംബനംചെയ്തു. "കാണ്ടിസെമ്മിനാരിയിലല്ലേ പഠിച്ചതു" എന്നു കല്പിച്ചു ചോദിച്ചു. നാട്ടുവൈദികരെ പ്രത്യേകം ഉദ്ദേശിച്ചു ലോകത്തിലുള്ള സെമ്മിനാരികളും അവയിൽ വേദാദ്ധ്യയനം ചെയ്യുന്നവരുടെ സംഖ്യയും, ഓരോ മിസ്സങ്ങളിലുമുള്ള നാട്ടുവൈദികരുടെ തുകയും, മററുമെല്ലാം ഇവിടെ വിശദമായി കാണിച്ചിരുന്നു. ഇവയെക്കുറിച്ചുള്ള വിവരങ്ങൾ ചോദിച്ചപ്പോൾ പരിശുദ്ധ പിതാവ് എല്ലാവരുടെയും മുമ്പാകെ തന്റെ വലത്തുകൈ എന്റെ വലത്തുതോളിൽ വച്ച് സ്നേഹപുരസ്സരം എന്നെ തന്നോടു ചേർത്തുനിർത്തി ആശീർവ്വദിച്ചു. ആ ബന്ധത്തിൽ എന്നെയെന്നല്ല ലോകസമക്ഷം നമ്മുടെ മലയാള കത്തോലിക്കാ വൈദിക ചെറുകിക ഗണത്തെയും, താൻ സ്നേഹത്താൽ തന്നോടു ബന്ധിച്ച് ആശീർവ്വദിച്ചതുപോലെ എനിക്കുതോന്നി. പിന്നീട് നാട്ടുവൈദികരുടെ വിദ്യാഭ്യാസം, പഠനം മുതലായ വിഷയങ്ങളെക്കുറിച്ച് അധികവും ജർമ്മൻഭാഷയിൽ എഴുതിയിരുന്ന പല പുസ്തകങ്ങളും പ്രത്യേകം സൂക്ഷിച്ചുനോക്കി. ഒടുവിൽ നമ്മുടെ സ്ഥലംവിടുന്നതിന്നു മുമ്പായി എല്ലാവരും കേൾക്കത്തക്ക വിധത്തിൽ അതേപ്പററി വളരെ തൃപ്തികരമായി തിരുമനസ്സുകൊണ്ട് കല്പിച്ചരുളിച്ചെയ്തു. ഞാൻ മുട്ടുകുത്തി തിരുഅംഗുലീയം ചുംബനംചെയ്തു കഴിഞ്ഞപ്പോൾ, പ്രത്യേകം ഒരു ആശീർവ്വാദംകൂടി നൽകയുണ്ടായി. ഇങ്ങനെ നാലാമത്തെ പ്രാവശ്യം മ്ശിഹായുടെ പ്രതിനിധിയെ കണ്ടു സംസാരിക്കുന്നതിനും, തന്റെ വാഴ്വ് കിട്ടുന്നതിനും ഭാഗ്യംനൽകിയ ദൈവത്തിന്നു സ്തുതിപറഞ്ഞ് സന്തോഷപൂരിതനായി ഞാൻ താമസസ്ഥലത്തേക്കു പിന്തിരികയും ചെയ്തു.

ഫാദർ ജോസഫ് പഞ്ഞിക്കാരൻ
എം. ഏ., ഡി. ഡി.

## കത്തോലിക്ക പ്രസിദ്ധീകരണങ്ങളുടെ പ്രചാരം.

കത്തോലിക്ക പ്രസിദ്ധീകരണങ്ങൾ നമ്മുടെ കേരളത്തിൽ അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ടെന്നുള്ളതു് ഏററവും സന്തോഷാവഹം തന്നെ. ഇക്കഴിഞ്ഞ അ

ഞ്ചാറു സംവത്സരകാലത്തിനുള്ളിൽ ഇവിടെ ആവിർഭവിച്ചിട്ടുള്ള കത്തോലിക്ക പ്രസിദ്ധീകരണങ്ങളുടെ സംഖ്യയും വൈവിധ്യവും പരിശോധിക്കുന്ന പക്ഷം അതു അത്ഭുതപൂർവ്വകവും അഭിമാനജനകവും ആണെന്നു് പ്രത്യക്ഷപ്പെടാതിരിക്കയില്ല. ചരിത്രങ്ങൾ, മതതത്വങ്ങൾ, വിമർശനങ്ങൾ, ആധ്യാത്മികചിന്തകൾ ആദിയായി നാനാമുഖമായ വിഷയങ്ങളെ ആസ്പദമാക്കി വിരചിതമായിട്ടുള്ള പല പ്രബന്ധങ്ങളും ലഘുലേഖകളും ഈയിടെ ഉണ്ടായിട്ടുണ്ടു്. ഇവയിൽ ചിലതു തത്തൽ ഗ്രന്ഥകാരന്മാരാൽ നേരിട്ടും മിക്കതും ഓരോ വ്യവസ്ഥാപിത സംഘടനകൾ നിമിത്തവും പ്രസിദ്ധീകൃതമായിട്ടുള്ളവയാണു്. കൊൺവേർഷൻലീഗു പ്രസിദ്ധീകരണങ്ങൾ, കർമ്മലകുസുമ ഗ്രന്ഥാവലി, എം. സി. എസ്. എൽ. പ്രസിദ്ധീകരണങ്ങൾ എന്നിവ ഒടുവിൽപറഞ്ഞ ഗണത്തിൽ പ്രധാന സ്ഥാനാർഹങ്ങളാകുന്നു. കൂടാതെ കത്തോലിക്ക പത്രങ്ങൾ, മാസികകൾ, ഇവയും എണ്ണത്തിലും വണ്ണത്തിലും പൂർവ്വോപരി നിലയും വിലയും പ്രാപിച്ചിട്ടുണ്ടു്.

എന്നാൽ ഈ പ്രസിദ്ധീകരണങ്ങൾ മേൽക്കുമേൽ ക്രമപ്രവൃദ്ധമായിത്തീരുകയും അതുകൾകൊണ്ടു് ഉദ്ദിഷ്ടഫലം സമുദായത്തിനു് ലബ്ധമാകുകയും ചെയ്യണമെങ്കിൽ അതുകൾ ധാരാളമായി ജനതാമധ്യത്തിൽ പ്രചരിപ്പിക്കേണ്ടതാകുന്നു. ഇപ്പോഴാകട്ടെ സമുദായത്തിലെ ഭൂരിപക്ഷവും ആളുകളുടെയിടയിൽ അതുകൾക്കു പ്രചാരം സിദ്ധിച്ചിട്ടില്ല. അനവധി ജനങ്ങൾ അതുകളുടെ ആസ്തിക്യത്തെക്കുറിച്ചുപോലും അറിയാതെ സ്ഥിതിചെയ്യുന്നുണ്ടെന്നുള്ളതു് പരിതാപകരമായ ഒരു വസ്തുതയാകുന്നു. ഈ ദുരവസ്ഥയ്ക്കുള്ള കാരണം കേവലം ധനസംബന്ധമാണെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. നേരെമറിച്ചു് പുസ്തകപാരായണത്തിനും തദ്വാരായുള്ള ജ്ഞാനസമ്പാദനത്തിനും പര്യാപ്തമായ ഒരഭിരുചി ജനസാമാന്യത്തിൽ ഇതുവരെ ഉൽഭൂതമായിട്ടില്ലെന്നുള്ളതാകുന്നു അതിനു പ്രധാന ഹേതു. നമ്മുടെ മതവിഷയകമായ കാര്യങ്ങളിൽ "അന്നന്നയപ്പം" കൊണ്ടു മാത്രം തൃപ്തിപ്പെടുന്ന സ്വഭാവവും ഇതിനു് ഹേതുകമായി വിചാരിക്കേണ്ടിയിരിക്കുന്നു. ഏതാദൃശമായ ഒരഭിരുചിയും ആസക്തിയും ജനസാമാന്യത്തിൽ ഉൽപാദിപ്പിക്കണമെങ്കിൽ അതിനു് കെങ്കേമമായ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടോ, വിദഗ്ദ്ധന്മാരായ ഏജൻറന്മാരെ ഏർപ്പെടുത്തിയതുകൊണ്ടോ വലിയ ഗുണമൊന്നും ഉണ്ടാകുമെന്നു് ആശിക്കാവുന്നതല്ല. അതിനുവേണ്ടിയുള്ള പരിശ്രമം പ്രഥമമായും പ്രധാനമായും ചെയ്യേണ്ടതു ഓരോ ഇടവകയിലാകുന്നു. ഇടവകയിലെ ജനങ്ങളെല്ലാം അവിടത്തെ വൈദികഭരണാധികാരിക്കു വിധേയരാണു്; വിശിഷ്യാ, ജനങ്ങളുടെ മനസ്ഥിതിയും സാഹചര്യങ്ങളും നേരിട്ടറിഞ്ഞു അവരെ യഥോചിതം ഉപദേശിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇടവക വൈദികരേപ്പോലെ സൗകര്യമുള്ളവർ വേറെയാരുമില്ലതന്നെ. "കത്തോലിക്ക പുസ്തകങ്ങൾ പ്രചരിപ്പിക്കയും സ്വഭരണത്തിലുള്ള ജനങ്ങൾക്കു നല്ല പുസ്തകങ്ങൾ വായിക്കാൻ താല്പര്യം ജനിപ്പിക്കയും ചെയ്യുന്ന കാര്യത്തിൽ കൂടുതൽ വിജയം നേടാവുന്നതു പട്ടക്കാരനാണു്; മാത്രമല്ല, തൻെറ ജനങ്ങളിൽ വായനയ്ക്കു അഭിരുചി ജനിപ്പിക്കുന്നതിനു സാധിക്കുന്നതോടുകൂടി അദ്ദേഹം അവരുടെ ബൗധികവും ആധ്യാത്മികവുമായ അഭിവൃദ്ധിയെ സാരമായി സംബന്ധിക്കുന്ന അനേകം വിഷമതകളെ ദൂരീകരിക്കയും ചെയ്യുന്നു എന്നു ഈശോസഭക്കാരനായ ഒരു വൈദികൻ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഇവിടെ പ്രസ്താവാർഹമാകുന്നു.

ഒരു ഇടവക വൈദികനു് കത്തോലിക്ക പ്രസിദ്ധീകരണങ്ങളെ പ്രചരിപ്പിക്കുന്ന കാര്യത്തിൽ എത്ര വിജയകരമായവിധം തൻെറ കീഴുള്ള ജനങ്ങളെ പ്രേരിപ്പിക്കാൻ കഴിയുമെന്നുള്ളതിനു താഴെ ചേർക്കുന്ന സംഭവം ഒരുദാഹരണമാകുന്നു. അമേരിക്കയിലെ ഒരു പട്ടക്കാരനു് ഒരു പ്രത്യേക പുസ്തകത്തെ

കുറിച്ച് വളരെ നല്ല അഭിപ്രായം ജനിക്കയുണ്ടായി. അതിനെപ്പററി അദ്ദേഹം പുസ്തകവ്യാപാരിയോടു പറഞ്ഞു: "ഈ പുസ്തകം എന്റെ ഇടവകയിലെ എല്ലാ വീട്ടിലും വാങ്ങിച്ച് വായിച്ചെങ്കിൽ എത്ര നന്നായിരുന്നു; പക്ഷെ ഇതു അവരെക്കൊണ്ടു വാങ്ങിപ്പിക്കുന്നതിനാണ് വിഷമം." എന്നാൽ "ഇതിനേക്കാൾ എളുപ്പം മറെറാന്നുമില്ല" എന്നായിരുന്നു പുസ്തകവ്യാപാരിയുടെ മറുപടി. "ഞാൻ അഭിപ്രായപ്പെടുന്നതുപോലെ അവിടുന്നു പ്രവൎത്തിക്കുന്നതായാൽ ഇടവകക്കാർ ഈ പുസ്തകം ശതോപശതം വാങ്ങുന്നതായിരിക്കും. അവിടുന്നു ചെയ്യാനുള്ളതു് ഇതു മാത്രമാകുന്നു:– അടുത്ത ഞായറാഴ്ച പ്രസംഗപീഠത്തിലേക്കു കയറുമ്പോൾ ഈ പുസ്തകംകൂടി കൊണ്ടുപോകണം. എന്നിട്ടു അതിനെക്കുറിച്ച് ഏകദേശം ഇങ്ങനെ പ്രസ്താവിക്കണം:– പ്രിയമുള്ളവരെ! ഇതാ എനിക്കു വളരെ ഇഷ്ടപ്പെട്ടതായ ഒരു പുസ്തകം. ഈ ഇടവകയിലെ എല്ലാ വീട്ടിലും ഇതു വാങ്ങി വായിക്കണമെന്ന് ഞാൻ അത്യധികം ആഗ്രഹിക്കുന്നു. എല്ലാ വീട്ടിലും ഇതിന്റെ ഓരോ പ്രതി ഉണ്ടായിരിക്കേണ്ടതാണ്. നിങ്ങൾക്കു എളുപ്പത്തിൽ കിട്ടുന്നതിനുവേണ്ടി ഞാൻ പുസ്തകക്കച്ചവടക്കാരോടു ആവശ്യപ്പെട്ടതനുസരിച്ച് അവർ ഒരഞ്ഞൂറു പ്രതികൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതാ പള്ളിയുടെ മോണ്ടളത്തിൽ സൂക്ഷിച്ചിരിക്കുന്നു. വില . . . അണ്. പള്ളിയിൽ നിന്ന് ഇറങ്ങിപ്പോകുന്ന വഴിക്കു നിങ്ങൾക്കു അതു വാങ്ങാം. ഇപ്രകാരം പ്രസ്താവിച്ചതിനുശേഷം ജനങ്ങൾക്കു ഏററവും രസാവഹമായി അവിടത്തേക്കു തോന്നുന്ന ഏതാനും ഭാഗങ്ങൾ പുസ്തകത്തിൽനിന്നു വായിക്കുക. പിന്നീട് അവർ ഈ അഞ്ഞൂറു പ്രതിയും വാങ്ങിച്ചില്ലെങ്കിൽ എന്റെ അഭ്യൂഹം അസ്ഥാനത്താണെന്ന് സമ്മതിക്കാം. പിരിയാതെവരുന്ന പ്രതികൾ ഞാൻ തിരികെ കൊണ്ടുപൊയ്ക്കൊള്ളാം." പുസ്തകവ്യാപാരിയുടെ ഈ ഉപദേശാനുസാരം പ്രവൎത്തിച്ചതിന്റെ ഫലമായി, ആ അഞ്ഞൂറു പ്രതികളും അവിടെവെച്ച് പിരിഞ്ഞുവെന്നു മാത്രമല്ല, കൂടുതൽ പ്രതികൾ ജനങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. ഇതിൽനിന്നു പണത്തിന്റെ ദാരിദ്ര്യംകൊണ്ടോ, പണം ചെലവാക്കുന്നതിനുള്ള മടി നിമിത്തമോ മാത്രമല്ല കത്തോലിക്ക പ്രസിദ്ധീകരണങ്ങൾ സാധാരണ ജനങ്ങളുടെയിടയിൽ ധാരാളം പ്രചരിക്കാത്തതു്; പ്രത്യുത ജനങ്ങൾക്കു അതുകളുടെ ഗുണഗണങ്ങളെക്കുറിച്ച് മനസ്സിലാകാഞ്ഞിട്ടും അവരെ ഏതദ്വിഷയത്തിലേക്കു ആകൎഷിക്കാഞ്ഞിട്ടും ആണെന്നു വ്യക്തമാകുന്നു.

ഇനി പറയാനുള്ളതു് ഇടവകതോറും കത്തോലിക്ക പ്രസിദ്ധീകരണങ്ങളുടെ പ്രചരണാൎത്ഥം ഒരു സംഘടന ഏൎപ്പെടുത്തുന്നപക്ഷം അതു സുസ്ഥിരമായ പ്രയോജനത്തെ പ്രദാനം ചെയ്യുമെന്നുള്ളതാകുന്നു. ഓരോ ഇടവകയിലും വിവിധമായ കത്തോലിക്ക ഗ്രന്ഥങ്ങളും പത്രമാസികകളും വരുത്തി സൂക്ഷിക്കുക, ഇടവക ജനങ്ങളുടെ ഉപയോഗത്തിനായി ഒരു വായനശാല തുറക്കുക, നല്ല നല്ല പുസ്തകങ്ങളിലേക്കു ജനങ്ങളുടെ ശ്രദ്ധയെ ആകൎഷിച്ച് അതുകളെ അവൎക്കു വില്ക്കുകയോ ദാനം ചെയ്കയോ ചെയ്ക, ഇതുകളാണ് സംഘടനയുടെ പ്രവൃത്തിപദ്ധതിയിൽ പെടേണ്ട സംഗതികൾ. ആരംഭത്തിൽ വായനശാലയും മററും വേണ്ടവിധം ഉപയോഗപ്പെടുത്താൻ ആളുകൾ ഇല്ലെന്നോ ദുൎല്ലഭമെന്നോ കണ്ടേക്കാം. എന്നാൽ ക്ഷമാപൂൎവ്വം പരിശ്രമിക്കുന്നതായാൽ തൃപ്തികരമായ ഫലം സിദ്ധിക്കാതിരിക്കയില്ല. ഞായറാഴ്ചകളിലും മററു കടപ്പെട്ട ദിവസങ്ങളിലും പള്ളിയിലെ കൎമ്മങ്ങൾക്കു മുമ്പും പിമ്പുമായി ആളുകൾ മുക്കിലും മൂലയിലും ഇരുന്നുകൊണ്ടു കണ്ടതും കേട്ടതും പറഞ്ഞു എത്ര വളരെ വിലയേറിയ സമയം വ്യൎത്ഥവ്യയം ചെയ്യുന്നുണ്ടു്. മേല്പറഞ്ഞവിധം ഒരു വായനശാലയും മററുമുണ്ടെങ്കിൽ ആ ആളുകളെ സന്മാതൃകകൊണ്ടും പ്രോത്സാഹനംകൊണ്ടും അങ്ങോട്ടാകൎഷിക്കാൻ സാധിക്കുന്നതും, ക്രമേണ ഇടവക ജനങ്ങൾക്കെല്ലാവൎക്കും തന്നെ

പുസ്തകങ്ങൾ പത്രങ്ങൾ ആദിയായവ വായിക്കുന്നതിനും പുതിയ പുതിയ കാൎയ്യങ്ങൾ അറിയുന്നതിനും വിശേഷവിധമായ ഒരൗൽസുക്യം ജനിക്കാനിടയുള്ളതും ആകുന്നു. ബാലന്മാൎക്കും, പ്രായം ചെന്നവൎക്കും, ഉന്നതവിദ്യാഭ്യാസം ചെയ്തവൎക്കും, സാമാന്യജനങ്ങൾക്കും പ്രസ്തുത സംഘടന വളരെ ഉപയോഗപ്രദമാകുന്നതാണ്. ഇങ്ങിനെ ഇടവകയിൽ മുഴുവൻ ഒരു നവജീവൻ ഉൽഭൂതമാകും; സാക്ഷാൽ കത്തോലിക്ക ചൈതന്യം ഉപൎയ്യുപരി പ്രത്യക്ഷപ്പെട്ടും; സന്ദേഹമില്ല. ബ്രഹ്മാണ്ഡങ്ങളായ പള്ളികളും, അതുകളേയും അതിശയിക്കത്തക്ക ഭീമങ്ങളായ പള്ളിമുറികളും, ആകാശത്തോളം ഉയൎന്ന മണിമാളികകളും, അനേകം പവൻ നിൎജ്ജീവമാക്കി രൂപപ്പെടുത്തുന്ന പൊൻകുരിശുകളും മററും പണിയിച്ചു സംതൃപ്തി അടയുന്നതിനായി ഭഗീരഥപ്രയത്നം ചെയ്യുന്ന എത്രയോ ഇടവകകൾ നമ്മുടെയിടയിൽ ഇക്കാലത്തുമുണ്ടു്. ഇതെല്ലാം ഒരുവിധത്തിൽ നല്ലതു തന്നെയെങ്കിലും വിശ്വാസികളുടെ ഹൃദയത്തിലും ബുദ്ധിയിലും സ്ഥാപിക്കപ്പെടേണ്ടുന്ന യഥാൎത്ഥപള്ളിയോളം വിലപിടിച്ചതോ, ഉന്നതമോ, ഫലപ്രസൂവോ അല്ല നിശ്ചയം. "സാക്ഷാൽ കത്തോലിക്ക പ്രസിദ്ധീകരണങ്ങളാകുന്ന ആയുധങ്ങളെ ശത്രുനിരോധനത്തിനും സ്വരക്ഷാൎത്ഥവും നിങ്ങൾ പ്രയോഗിക്കുന്നില്ലെങ്കിൽ, നിങ്ങൾ പള്ളികൾ പണിയുന്നതും, സ്കൂളുകൾ സ്ഥാപിക്കുന്നതും നിഷ്ഫലം; നിങ്ങളുടെ സകല സൽപ്രവൃത്തികളും സൎവ്വപരിശ്രമങ്ങളും ഫലശൂന്യം" എന്നു പുണ്യശ്ലോകനായ പത്താംപീയൂസ് മാൎപ്പാപ്പാ അരുളിച്ചെയ്തിരിക്കുന്നതു് ഈയവസരത്തിൽ പ്രത്യേകം ചിന്താവിഷയമാകേണ്ടതാണ്.

കെ. സി. വൎക്കി ബി. എ.

## പ്രാൎത്ഥനയെപ്പററി രണ്ടുവാക്കു്.

### VI. പരീക്ഷകൾ ജയിക്കുന്നതിനു പ്രാൎത്ഥന ആവശ്യം.

നമ്മുടെ ആത്മീയശത്രുക്കളെ ജയിക്കുന്നതിനു പ്രാൎത്ഥന ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരായുധമാകുന്നു. ഇതിനെ ഉപയോഗിക്കാത്തവൻ പരാജിതനാകുമെന്നതിൽ പക്ഷാന്തരമില്ല. ആദിപിതാവായ ആദം പിഴച്ചതു് പ്രാൎത്ഥനയുടെ അഭാവത്താലാണ്. "അവൻ ദൈവത്തിൽ ആശ്രയിച്ചില്ല; അതിനാൽ പിഴച്ചു" എന്ന് ആദത്തിൻെറ പിഴയെപ്പററി വി. തോമ്മാ മല്ലാൻ സാക്ഷിക്കുന്നു. "ദൈവാനുഗ്രഹങ്ങളെ വെറുതെ പ്രാപിച്ചിരുന്നതിനാൽ അവർ പ്രാൎത്ഥിച്ചില്ല; അതിനാൽ അവർ നിലനിന്നില്ല" എന്നു് പിഴച്ച മാലാഖമാരെക്കുറിച്ചു് വി. ജെലാസിയൂസ് പറയുന്നു. വി. കാൎള്ളോസ് ബോറേമ്യോ തൻെറ ഒരിടയലേഖനത്തിൽ പ്രാൎത്ഥനയെപ്പററി പറഞ്ഞിരിക്കുന്ന ഭാഗം ഏററം ശ്രദ്ധേയമായിരിക്കുന്നു. "രക്ഷ പ്രാപിക്കുന്നതിനു വേദാഗമത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മാൎഗ്ഗങ്ങളിൽ പ്രഥമസ്ഥാനം പ്രാൎത്ഥനയ്ക്കു നൽകിയിരിക്കുന്നു. ഇതിനാൽ, ദൈവം തൻെറ സഭയെ ഇതരമതങ്ങളിൽ നിന്നു് വ്യത്യാസപ്പെടുത്തുന്നു. 'എൻെറ ഭവനം പ്രാൎത്ഥനയുടെ ആലയമാകുന്നു.' പ്രാൎത്ഥന എല്ലാ നന്മകളുടേയും പ്രാരംഭവും അഭിവൃദ്ധിയും പൂൎത്തീകരണവുമാകുന്നു" എന്നാണു് അദ്ദേഹം പറയുന്നതു്. ഇതിനാൽ അന്ധകാരത്തിലും ദുഃഖത്തിലും ദുരിതത്തിലും ദൈവാനുഗ്രഹത്തെ പ്രാൎത്ഥിക്കുകയല്ലാതെ മററു മാൎഗ്ഗമില്ല.

"കൎത്താവേ! എന്തു ചെയ്യേണ്ടു എന്നറിവാൻ പാടില്ലാത്തതിനാൽ ഞങ്ങളുടെ നയനങ്ങളെ അങ്ങേപ്പക്കലേക്കു

തിരിക്കുന്നതിനേ ഞങ്ങൾക്കു സാധിക്കുകയുള്ളൂ" എന്നു യോസാപ്പാത്ത് രാജാവ് നിലവിളിച്ചുപറയുന്നു. ഇതുതന്നെയായിരുന്നു ദാവീദിന്റെ പ്രലാപവും. ശത്രുജയത്തിന് പ്രാർത്ഥനയൊഴിച്ച് വേറൊരു മാർഗ്ഗവും അയാൾക്കില്ലായിരുന്നു. "ഓ! കർത്താവേ, എന്റെ ദൃഷ്ടികൾ സർവ്വദാ അങ്ങേപ്പക്കലേയ്ക്കാകുന്നു. എന്തെന്നാൽ അവിടുന്നുതന്നെ എന്നെ അപകടത്തിൽ നിന്നും വിമുക്തനാക്കും" എന്നിങ്ങനെ ആ രാജദീർഘദർശി പാടിയിരുന്നു. വാസ്തവത്തിൽ പ്രാർത്ഥനകൂടാതെ ആദത്തിന്റെ പിഴയ്ക്കുശേഷം എങ്ങിനെ നാം ശത്രുക്കളെ ജയിക്കുകയും പ്രമാണങ്ങളെ കാക്കുകയും ചെയ്യുന്നു?

ആദം പിഴച്ചതിൽപ്പിന്നെ ദൈവപ്രമാണങ്ങളെ കാക്കുക എന്നതു് കേവലം അസാദ്ധ്യമായിത്തീർന്നിരിക്കുന്നു എന്നുള്ള മാർട്ടിൻ ലൂഥറിന്റെ വാക്യം പ്രത്യക്ഷദൈവദൂഷണമല്ലാതെ മറ്റൊന്നുമല്ല. മനുഷ്യൻ കെല്പുക്ഷയപ്പെട്ടവനാകയാൽ സ്വശക്തിയാലോ എല്ലാവർക്കും നൽകാറുള്ള സാധാരണ അനുഗ്രഹത്താലോ ദൈവപ്രമാണങ്ങളിൽ ചിലതിനെ കാക്കുവാനപ്രാപ്തനാണെന്നിരുന്നാലും പ്രാർത്ഥനയാൽ അതിലേയ്ക്കാവശ്യമുള്ള കൂടുതൽ സഹായം ലഭിക്കുന്നതിനു വിഷമമില്ലാതിരിക്കെ പ്രമാണം കാക്കുന്നതു അസാദ്ധ്യം എന്നു പറയുന്നതു അനാവശ്യമാകുന്നു. ബലക്ഷയത്താൽ ശ്രമസാദ്ധ്യമോ ഒരു പക്ഷേ അസാദ്ധ്യമോ ആയിട്ടുള്ള വേല ഔഷധപ്രയോഗാനന്തരം ചെയ്യാൻ നമുക്കു സാധിക്കുന്നെങ്കിൽ പ്രാർത്ഥനകൊണ്ടു സ്വശക്തിയാൽത്തന്നെ കാക്കാൻ കഴിയാത്ത പ്രമാണങ്ങളെ കാക്കുവാൻ സാധിക്കുമെന്നതിനു തക്കമില്ല. ദൈവം സർവ്വബുദ്ധിമാനും അനുഗ്രഹത്തിന്റെ ഇരിപ്പിടവുമായിരിക്കുമ്പോൾ അസാദ്ധ്യമായിട്ടുള്ളതിനെ ചെയ്യുന്നതിനു താൻ പ്രമാണിക്കുക എന്നതു പൂർവ്വാപരവിരുദ്ധമാകുന്നു. ഇതിനാൽ "ദൈവം അസാദ്ധ്യമായിട്ടുള്ളതിനെ പ്രമാണിക്കുന്നില്ല. ചെയ്യാവുന്നതിനെ ചെയ്യുന്നതിനും, പാടില്ലാത്തതിനു തന്റെ സഹായത്തെ യാചിക്കുന്നതിനും പ്രമാണിക്കുകയും, നീ ശക്തനാകുന്നതിനു നിന്നെ സഹായിക്കുകയുമാകുന്നു താൻ ചെയ്യുന്നതു്" എന്നു വി. തോമ്മാമല്ലാൻ പഠിപ്പിക്കുന്നു. നമ്മുടെ ശക്തിയിൽ കവിഞ്ഞതായി ചിലതിനെ കല്പിച്ചിരിക്കുന്നതിൽനിന്നുതന്നെ നാം തന്നിൽ ആശ്രയിക്കേണ്ട ആവശ്യം അഥവാ പ്രാർത്ഥിക്കേണ്ട അത്യാവശ്യം പ്രത്യക്ഷമാകുന്നുണ്ടല്ലോ.

കന്യാവ്രതത്തിനെതിരായുള്ള പരീക്ഷകളെ അവയുടെ ആരംഭത്തിൽ തന്നെത്തന്നെ മുഴുവനായി ദൈവത്തിനു കയ്യാളിക്കാതെ ഒരുവൻ ജയിക്കുക എന്നതു് അസാദ്ധ്യമെന്നു പലേ പരിശുദ്ധന്മാരും പറഞ്ഞിരിക്കുന്നു. നമ്മുടെ ധ്യാനങ്ങളേയും അവയിലെ നല്ല നിശ്ചയങ്ങളേയും മറക്കുന്നതിനും വിശ്വാസസത്യങ്ങളെ വകവയ്ക്കാതിരിക്കുന്നതിനും എന്നുവേണ്ട, ദൈവശിക്ഷയെക്കുറിച്ചുപോലും ഭീതിയില്ലാതായിത്തീരുന്നതിനും തക്കവണ്ണം ഈവക പരീക്ഷകൾ അത്ര ഭയങ്കരങ്ങളായിരിക്കുന്നു. ഇന്ദ്രിയസുഖങ്ങളിലേക്കു അത്ര ശക്തിയായി നമ്മെ ആകർഷിക്കത്തക്കവണ്ണം പിശാചു മനുഷ്യസഹജമായ നമ്മുടെ ദുർചാപല്യകളോടു സഹകരിക്കുന്ന ആ ഘട്ടത്തിൽ ദൈവസഹായം അപേക്ഷിക്കാത്തവൻ പിഴയ്ക്കുന്നതിൽ യാതൊരത്ഭുതത്തിനും അവകാശമില്ല. "വിരക്തിയുടെ പ്രാകാരം പ്രാർത്ഥനയാകുന്നു" എന്നു നിസ്സായിലെ വി. ഗ്രിഗോരിയോസും, "താൻ തരാതെ മറ്റു പ്രകാരത്തിൽ തൃപ്തനാകയില്ലെന്നു ഞാൻ കണ്ടതിനാൽ കർത്താവിന്റെ മുമ്പാകെ ചെന്നു തന്നോടു ഞാൻ പ്രാർത്ഥിച്ചു" എന്നു ശ്ലേമോനും പറഞ്ഞിരിക്കുന്നു

ഇതിനാൽ വി. തോമ്മാമല്ലാൻ ജെൻസേനിയൂസെന്ന പതിതനെതിരായി "കന്യാവ്രതമോ മറേറതെങ്കിലും പ്രമാണമോ കാപ്പാൻ അസാദ്ധ്യമെന്നു പറവാൻ പാടില്ല, എന്തെന്നാൽ സ്വശക്തിയാൽ നമുക്കു കാപ്പാൻ വിഷമമാണെങ്കിലും ദൈവസഹായമപേക്ഷിച്ചാൽ കാക്കുന്നതിനു വിഷമ

മില്ല" എന്നു സമർത്ഥിക്കുന്നു. വേണ്ട പോംവഴികൾ നൽകികൊണ്ടു ഒരു മൃടനോടു നടക്കുവാൻ പ്രമാണിക്കുന്നതുപോലെതന്നെ, അപേക്ഷിച്ചാൽ പ്രാപിക്കാവുന്ന ദൈവാനുഗ്രഹമുള്ളപ്പോൾ സ്വശക്തിയാൽ സാധിക്കാത്ത പ്രമാണങ്ങളെ കാക്കുവാൻ കല്പിക്കുന്നതു് ന്യായമായിരിക്കുന്നു.

"നല്ലവണ്ണം പ്രാർത്ഥിക്കുവാൻ അറിയാവുന്നവർ നല്ല ജീവിതം നയിക്കുന്നു" എന്നു വി. അഗുസ്തീനോസും, "പരീക്ഷകളെ ജയിക്കുന്നതിനു തങ്ങൾ അശക്തരാകുന്നു എന്നു പറയുന്ന പാപികൾ കുററക്കാരാകുന്നു. എന്തെന്നാൽ അവർ താനേ സാധിക്കുന്നില്ലെങ്കിൽ എന്തുകൊണ്ടവർ സഹായമപേക്ഷിക്കുന്നില്ല" എന്നു് വി. ഫ്രാൻസീസ് അസിസിയും പറഞ്ഞിരിക്കുന്നതു് എത്രയോ വാസ്തവമായിരിക്കുന്നു. പരീക്ഷകളെ തടുക്കുന്നതിനു നാം അപ്രാപ്തർ തന്നെ. എന്നാൽ വി. അപ്പസ്തോലൻ പറയുന്നതുപോലെ "നമ്മുടെ ശക്തിയിൽ കവിഞ്ഞുള്ള പരീക്ഷകളെ അനുവദിക്കാതിരിക്കത്തക്കവണ്ണം ദൈവം അത്ര വിശ്വസ്തനാകുന്നു." നാം ബലഹീനരാകുന്നു. എന്നാൽ ബലവാനായ ദൈവത്തോടപേക്ഷിച്ചാൽ ആവശ്യമായിരിക്കുന്ന ബലം നമുക്കുണ്ടാകും. ഇപ്രകാരം നാം പ്രാർത്ഥിക്കുന്നതായിരുന്നാൽ "എന്നെ ശക്തനാക്കുന്നവനിൽ എല്ലാ കാര്യങ്ങളും എനിക്കു ചെയ്യാൻ കഴിയും" എന്നു വി. അപ്പസ്തോലനോടുകൂടി സസന്തോഷം നമുക്കും പറവാൻ സാധിക്കും. അതിനാൽ പിഴക്കുന്നെങ്കിൽ പ്രാർത്ഥനയുടെ അഭാവംകൊണ്ടു മാത്രമാണെന്നു വിചാരിക്കുവാനേ തരമുള്ളു.

കാപ്പിൽ കുര്യാക്കോസു ശ.

പി എച്ച്. ഡി. റോമ്മാ.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

### XIII. സാവ്യോയുടെ ഒരു സ്നേഹിതൻ.

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങളുടെ സ്നേഹിതന്മാർ ആരാണെന്നു എന്നോടു പറയുക. നിങ്ങൾ ഏതു തരക്കാരാണെന്നു ഞാൻ നിങ്ങളോടു പറയാം. ദൈവപേടിയും അനുസരണയുമുള്ള കുഞ്ഞുങ്ങൾ ആ തരത്തിലുള്ളവരോടേ ചെങ്ങാത്തത്തിനു പോകയുള്ളു. ദുർമ്മാർഗ്ഗികളും പിശാചിൻെറ ഭൃതന്മാരുമായ കുട്ടികൾ എവിടെച്ചെന്നാലും അങ്ങിനെയുള്ളവരോടു മമതപിടിച്ചു നടക്കുന്നതു കാണാം.

ഡോമ്നിക്കിൻെറ വിദ്യാലയത്തിലും എല്ലാത്തരത്തിലുള്ള കുട്ടികളുമുണ്ടായിരുന്നു. എന്നാൽ പാപത്തിൻെറ ദുർഗ്ഗന്ധമോ അതേപ്പററിയുള്ള സംശയലേശംപോലുമോ ഉള്ള തരക്കാരിൽ നിന്നെല്ലാം ഡൊമ്നി വസന്തദീനത്തിൽ നിന്നെന്നപോലെ അകന്നു നടന്നിരുന്നു. സന്മാതൃകകളാലും, നല്ലവാക്കുകൾകൊണ്ടും ദൈവത്തിലേക്കു അവരെ അടുപ്പിക്കുന്നതിനുള്ള വല്ല അവസരങ്ങളും അന്വേഷിച്ചിരുന്നതല്ലാതെ ഒരിക്കലും അവരോടു അധികം അടുത്തിരുന്നില്ല. എന്നാൽ പുണ്യശുഷ്കാന്തിയുള്ള നല്ല കുഞ്ഞുങ്ങളായി കാണപ്പെട്ടുന്നവരോടു ഡൊമ്നിയും, ഡൊമ്നിയോടു അവരും ഇരുമ്പു കാന്തത്തിനോടെന്നപോലെ അടുത്തിരുന്നു. ഇങ്ങനെ പുണ്യത്തിൽ വർദ്ധിക്കുന്നതിന്നു അന്യോന്യം സഹായിക്കയും ഉത്സാഹിപ്പിക്കയും ചെയ്തിരുന്ന ഒരു രഹസ്യസംഘം ആ വിദ്യാലയത്തിലുണ്ടായിരുന്നു. അവരിൽ മിക്കവരും അമലോത്ഭവ മാതാവിൻെറ സൊഡാലിററിയിൽ പെട്ടവരായിരുന്നുവെന്നുള്ളതു പ്രത്യേകം പറയേണ്ടതായിട്ടുണ്ടു്. ഈ

രഹസ്യസംഘത്തിന്റെ ഏകദേശം അദ്ധ്യക്ഷനെന്നപോലെയായിരുന്നു ഡൊമ്നിക്കു സാവ്യോയുടെ നില. അതുപോലെതന്നെയുള്ള തരത്തിൽപ്പെട്ട പല അംഗങ്ങളും ആ സംഘത്തിലുണ്ടായിരുന്നു. അതിലൊരു കുട്ടിയേപ്പററി മാത്രമാണു് ഇത്തവണ അല്പം പറയാൻ പോകുന്നതു്.

ടൊർട്ടോനാ നഗരവാസിയായ കമീല്ലോസ് എന്ന ആ ചെറിയകുട്ടി ഒരു സുഖക്കേടു കഴിഞ്ഞുടനെയാണു് പള്ളിക്കൂടത്തിൽ വന്നുചേൎന്നതു്. തങ്ങളുടെ കമ്പനിയിൽ ചേരത്തക്കയാളാണോ എന്നറിവാൻ പുതിയ കുട്ടിയുടെ അടുക്കൽ ആദ്യ ദിവസംതന്നെ ഡൊമ്നി അടുത്തുകൂടി. "ദീനംപൊറുക്കാൻ വളരെ ആഗ്രഹമായിരുന്നു. ഇല്ലേ?" എന്നു ഡൊമ്നി ചോദിച്ചു. "ഇല്ല. ദൈവതിരുമനസ്സുപോലെ വരണമെന്നേ ഞാൻ ആഗ്രഹിച്ചുള്ളു" എന്നാണു കമീല്ലോസ് അതിനു മറുപടി പറഞ്ഞതു്. ഇതുകേട്ടപ്പോഴേ ആളു തരക്കേടില്ലെന്നു ഡൊമ്നി തീർച്ചപ്പെടുത്തി. അതിനാൽ തുടൎന്നു ഇങ്ങനെ പറഞ്ഞു. "ദൈവതിരുമനസ്സ് നിറവേററാൻ ആഗ്രഹിക്കുന്നവർ പുണ്യത്തിൽ വൎദ്ധിപ്പാൻ ആഗ്രഹിക്കണം. അങ്ങനെ വല്ല ആഗ്രഹവും നിങ്ങൾക്കുണ്ടോ?"

കമീല്ലോസ്— വളരെ നാളായിട്ടു അതാണു് എന്റെ പ്രധാന ആഗ്രഹം.

ഡൊമ്നി— കൊള്ളാം നല്ലകാൎയ്യം. ഞങ്ങളുടെ കമ്പനി വൎദ്ധിച്ചുവരുന്നതു വലിയ സന്തോഷം. ഈ ആഗ്രഹം മാത്രമുള്ള പലർ ഇവിടെയുമുണ്ടു. ആ കൂട്ടത്തിൽ കൂടിക്കൊൾക.

അതിൽപ്പിന്നെ ആ ഭക്തസംഘത്തിലെ ഒരു പ്രധാന അംഗമായിരുന്നു കമീല്ലോസ്. അല്പപാപത്തിൽ നിന്നുപോലും അകലുന്നതിനും, പ്രതിദിന ഭക്തകൃത്യങ്ങളെല്ലാം മുറയ്ക്കു നിറവേററുന്നതിനും എല്ലാവൎക്കും കമീല്ലോസു് ഒരു മാതൃകയായിരുന്നു. പക്ഷേ അധികനാൾ കഴിയുന്നതിനുമുമ്പു ആ വാത്സല്യശുശ്രൂഷിയേ നിത്യസമ്മാനത്തിനായി ദൈവം വിളിച്ചുകളഞ്ഞു. കമീല്ലോസ് രോഗത്തിൽ അകപ്പെട്ടു. ഭക്തസംഘത്തിലെ സ്നേഹിതന്മാരെല്ലാം ദിവസേന അവനെപ്പോയി അന്വേഷിക്കയും ആശ്വസിപ്പിക്കയും ചെയ്തിരുന്നു. കൂടശി അന്ത്യക്രൂദാശകളെല്ലാം കൈക്കൊണ്ടു ഭാഗ്യമായി മരിക്കയും ചെയ്തു.

മരിച്ചു കിടന്ന സ്നേഹിതന്റെ അരികെ ചെന്നു ഡൊമ്നി ഇപ്രകാരമാണു് അന്ത്യയാത്ര പറഞ്ഞതു്. "പ്രിയ കമീല്ലോസേ! നീ മോക്ഷത്തിൽ പോയിരിക്കുന്നു എന്നുള്ളതിനേപ്പററി എനിക്കു യാതൊരു സംശയവുമില്ല. ദയവായി എനിക്കും ഒരു സ്ഥലം അവിടെ ഒരുക്കിക്കൊൾക. ഞാനിപ്പോഴും നിന്റെ സ്നേഹിതൻ തന്നെ. ലോകത്തിലായിരിക്കുന്നിടത്തോളം കാലം നിനക്കുവേണ്ടി ഞാൻ അപേക്ഷിച്ചുകൊള്ളാം".

മരിച്ച സ്നേഹിതനുവേണ്ടി സൊഡാലിററി മുറപ്രകാരമുള്ള പ്രാൎത്ഥനകളും. കുൎബാന കൈക്കൊള്ളപ്പാടുകളും ഡൊമ്നി ഏത്രയും വേഗത്തിൽ കാഴ്ചവെയ്ക്കയും, ശേഷംപേരേക്കൊണ്ടു കാഴ്ചവെപ്പിക്കയും ചെയ്തു.

പ്രിയകുഞ്ഞുങ്ങളേ! ഇതാണു് വാസ്തവത്തിലുള്ള സ്നേഹിതന്മാരുടെ ലക്ഷണങ്ങൾ. ഇതൊക്കെയാണോ നിങ്ങളുടെ ചങ്ങാത്തത്തിന്റെ മുറയെന്നു ആലോചിച്ചുനോക്കുക. പുണ്യത്തിൽ വളരുന്നതിനു സഹായിക്കുന്നതിനു പകരം ദൈവേഷ്ടപ്രസാദം നശിപ്പിക്കുന്നതിനു സഹായിക്കുന്ന കൂട്ടരല്ലേ നിങ്ങൾക്കു് അധികമുള്ളതു്? മനസ്താപപ്പെട്ടു കൎത്താവിനോടു പൊറുതി അപേക്ഷിക്കുക.

മാതാവിന്റെ വണക്കമാസം ഇയ്യാണ്ടു നിങ്ങൾ കേമമായിട്ടുകൊണ്ടാടണം. കുടുംബത്തിൽ ഈ കാൎയ്യങ്ങൾക്കൊക്കെ മുന്നിട്ടുനിന്നു് പ്രവൎത്തിക്കേണ്ടതു നിങ്ങളാണെന്നു മറന്നുപോകരുതു്. എനിക്കുവേണ്ടിയും അപേക്ഷിക്കുക.

എന്നു് നിങ്ങളുടെ
സ്വന്തം കൊച്ചച്ചൻ.

# തിരുഹൃദയ ഭക്തന്മാർ ൧൯൨൬ ഇടവമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## പ്രതിദിന ദിവ്യകാരുണ്യ സ്വീകരണം.

ദിവ്യകാരുണ്യം കൈക്കൊള്ളുന്നതിനാൽ ക്രിസ്ത്രീയവിശ്വാസികൾക്കു സിദ്ധിക്കുന്ന അവൎണ്ണനീയ വരപ്രസാദ സമ്പത്തുകളേ നല്ലവണ്ണം ഗ്രഹിച്ചിരുന്ന വി. ത്രേന്തോസ് സൂനഹദോസ് അരുളിച്ചെയ്യുന്നതായതു്: "വിശ്വാസികൾ കാണുന്ന എല്ലാ ദിവ്യപൂജയിലും അരൂപിയ്ക്കടുത്ത പ്രകാരം മാത്രമല്ല, കൂദാശയ്ക്കടുത്ത പ്രകാരം കൂടെയും ദിവ്യകാരുണ്യം ഉൾക്കൊള്ളണമെന്നു് വി. സൂനഹദോസ് ഏററവും ആഗ്രഹിക്കുന്നു." (൨൨-ാംയോഗം. ൩-ാം അദ്ധ്യായം) ഈ വചനങ്ങളാൽ ക്രിസ്തീയ വിശ്വാസികൾ ഏവരും ദിവസംതോറും ഈ സ്വൎഗ്ഗീയ വിരുന്നു് ഭക്ഷിക്കയും, തന്മൂലം ഏററം സംപൂൎണ്ണമായ ഫലങ്ങൾ പ്രാപിക്കയും ചെയ്യണമെന്നുള്ള തിരുസഭയുടെ ആഗ്രഹം സ്പഷ്ടമായി തെളിയുന്നു. എന്നാൽ ഇപ്രകാരമുള്ള തിരുസഭയുടെ ആഗ്രഹവും ഈ ദിവ്യകൂദാശയേ സ്ഥാപിക്കയിൽ മിശിഹാകൎത്താവിൽ ജ്വലിച്ചിരുന്ന ആ ദിവ്യാഗ്രഹവും ഒന്നുതന്നെ ആയിരിക്കുന്നു. എന്തെന്നാൽ അങ്ങുന്നു് കൂടക്കൂടെ തന്റെ തിരുശ്ശരീരം ഭക്ഷിക്കയും തന്റെ തിരുരക്തം പാനംചെയ്കയും ചെയ്യണമെന്നുള്ള ആവശ്യത്തേപ്പററി പലതവണയും, തെളിവായും അരുളിച്ചെയ്തിട്ടുണ്ടു്. "ഇതു സ്വൎഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമാകുന്നു; നിങ്ങളുടെ പിതാക്കന്മാർ മന്നാഭക്ഷിച്ചു് മരിച്ചതുപോലെയല്ല, ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യമായി ജീവിക്കും" (യോഹ. VI. 59). തിരുസഭയുടെ ആദ്യയുഗങ്ങളിൽ അനുദിന ദിവ്യകാരുണ്യ സ്വീകരണം നടപ്പായിരുന്നു. എന്നാൽ അനന്തരശതാബ്ദങ്ങളിൽ വിശ്വാസികളുടെ ഭക്തി വിശ്വാസങ്ങൾ ക്ഷയിക്കയാലും, പ്രതിദിന കുർബ്ബാനകൈക്കൊള്ളപ്പാടിനു് വേണ്ട ഒരുക്കങ്ങളേപ്പററി തൎക്കം ഉത്ഭവിക്കയാലും ഈ സുകൃതാഭ്യാസത്തിനു അനല്പമായ മാന്ദ്യം നേരിടുകയുണ്ടായി. പുണ്യാത്മാവായ പരിശുദ്ധപിതാവു് പത്താംപീയൂസു മാൎപ്പാപ്പാതിരുമനസ്സുകൊണ്ടു് 1905 ധനുമാസം 20-ാംനു- പുറപ്പെടുത്തിയ ഒരു തിരുവെഴുത്തോടുകൂടെ ഇതേസംബന്ധിച്ച സകല വാദപ്രതിവാദങ്ങളും അവസാനിക്കയും, ലോകമെങ്ങും കൂടെക്കൂടെയുള്ള ദിവ്യകാരുണ്യ സ്വീകരണം നാൾക്കുനാൾ വൎദ്ധിച്ചു വരികയും ചെയ്തു. പരിശുദ്ധ പിതാവിന്റെ തിരുവചനങ്ങൾ തന്നെ കേൾക്കുക: "കൂടെക്കൂടെയുള്ളതും പ്രതിദിനം ഉള്ളതുമായ ദിവ്യകാരുണ്യ സ്വീകരണം ഈശോമ്ശിഹായ്ക്കും കത്തോലിക്കാസഭയ്ക്കും അത്യന്തം ആഗ്രഹമുള്ള ഒരു കാൎയ്യമാകയാൽ ഏതൊരുവക അന്തസ്സിലും അവസ്ഥയിലുമുള്ള എല്ലാ ക്രിസ്തീയവിശ്വാസികൾക്കും അതു അനുവദിക്കപ്പെടേണ്ടതാണു്. ആകയാൽ വരപ്രസാദത്തോടും, ശൊവ്വുള്ളതും പുണ്യമുള്ളതുമായ നിയോഗത്തോടുംകൂടെ ഈ വിശുദ്ധ വിരുന്നിനു അണയുന്ന യാതൊരുത്തനേയും അതിൽനിന്നു മുടക്കുവാൻ പാടുള്ളതല്ല." ദിവ്യസ്നേഹാഗ്നിപടൎന്നു കത്തുന്നതിനുപകരിക്കുന്ന ഈ പരിശുദ്ധമാൎഗ്ഗം എല്ലാ ക്രിസ്ത്യാനികളും പൂൎവ്വാധികം ഭക്തതീക്ഷ്ണതയോടേ കൂടക്കൂടെ ഉപയോഗപ്പെടുത്തുന്നതിനും, അതു വഴിയായി മ്ശിഹായുടെ രാജ്യം ലോകത്തിൽ പ്രബലപ്പെട്ടുവരുന്നതിനും വേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു് പ്രാൎത്ഥിക്കണം.



മിഥുനമാസം: – "പരിശുദ്ധാത്മാവിനോടുള്ള ഭക്തി"

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## 1 കത്തോലിക്കസഭയും വേദപുസ്തകവും.

സെക്രട്ടറി കത്തോലിക്ക കോൺഫറൻസ്

കോട്ടയം.

വില അണ 1.

കോട്ടയം കോൺഫറൻസ്സിൽ നിന്നു 'നസ്രാണി ദീപികാ'വശേഷമായി പ്രസിദ്ധപ്പെടുത്തി വിതരണം ചെയ്ത ഒരു പ്രസംഗം പുസ്തകരൂപേണ രണ്ടാം പതിപ്പായി അച്ചടിപ്പിച്ചിട്ടുള്ളതാണു ഈ ചെറുപുസ്തകം. അകത്തോലിക്കർ വേദപുസ്തകം സംബന്ധിച്ച കത്തോലിക്കരെപ്പററി പറഞ്ഞുനടത്തുന്ന പല അസംബന്ധങ്ങൾ അവരുടെ അജ്ഞതനിമിത്തമാണെന്നു നാം അറിയുന്നപക്ഷം ഈ മാതിരി ചെറുപുസ്തകങ്ങൾ വഴിയായി അതു പരിഹരിക്കുന്നതിനു യഥാശക്തി ശ്രമിക്കാതിരിക്കയില്ല. കോൺഫറൻസിൽ വിതക്കപ്പെട്ട വിത്തുകൾ ഇപ്പോഴും അവിടവിടെയായി മുളച്ചുവരുന്നതു കാണുന്നതു ആശ്വാസാവഹംതന്നെ.

## 2. സത്യവേദപാഠാവലി. നമ്പർ 2

കൊൺവേഷ്യൻ ലീഗു വരാപ്പുഴ.

വില അണ 2.

ഈ പാഠാവലിയുടെ വൈശിഷ്ട്യത്തെപ്പററി ഞങ്ങൾ മുമ്പേതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. പരിശുദ്ധത്രിത്വം, ദൈവപരിപാലന, ദൈവദൂതന്മാരുടെ സൃഷ്ടി, അവരുടെ അധഃപതനം മുതലായ ഗഹനതമങ്ങളായ വിഷയങ്ങളെപ്പററിയാണു ഈ രണ്ടാം ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. എങ്കിലും ചെറിയകുട്ടികൾക്കു പോലും സുഗമമായ രീതിയിലും ലളിതമായ ഭാഷയിലും ഇതിനെ ഭാഷാന്തരം ചെയ്യുന്നതിൽ ഗ്രന്ഥകാരൻ പ്രദർശിപ്പിക്കുന്ന സാമർത്ഥ്യം അഭിനന്ദനീയമായിരിക്കുന്നു.

## 3. പീഡാനുഭവപ്പാന.

സെൻറു ജോസഫ്സ് പ്രസ്, മാന്നാനം.

വില ചക്രം 5.

ക. നി. മൂ. സ. ബ. മാണിക്കത്തനാർ അവർകളുടെ ഈ പുതിയ കൃതി കത്തോലിക്കകുടുംബങ്ങൾക്കു ഒരു പ്രത്യേക നിധിയായി പരിഗണിക്കേണ്ടതാണ്. മലയാളഭാഷയിൽ വേദപുസ്തകമില്ലാതിരുന്നതിനാൽ അർണ്ണോസുപാദ്രി അവർകളുടെ പുത്തൻപാന നമ്മുടെ ജനങ്ങളുടെയിടയിൽ വേദപുസ്തകത്തിൻെറ സ്ഥാനം കരസ്ഥമാക്കിയിരിക്കയായിരുന്നു. എന്നാൽ പുത്തൻപാന വേദപുസ്തകത്തിൻെറ ഒരു സംഗ്രഹം മാത്രമേ ആയിരുന്നുള്ളു. പീഡാനുഭവപ്പാനയാകട്ടെ, ദിവ്യരക്ഷകൻെറ പീഡാനുഭവം സംബന്ധിച്ച വേദപുസ്തകത്തിലുള്ള ഭാഗത്തിൻെറ ഒരു അനുപദതർജ്ജമയാണ്. എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും അചിരേണ ഇതു സ്ഥലംപിടിക്കാതിരിക്കയില്ല. മാണിക്കത്തനാരവർകളുടെ സാഹിത്യപരിശ്രമങ്ങൾ കൈരളിയുടെ ശുഷ്കമായ ക്രിസ്തീയ ഭണ്ഡാരവകപ്പിനെ ഉത്തരോത്തരം പരിപോഷിപ്പിച്ചു കാണുന്നതിൽ ഞങ്ങൾ നിർവ്യാജം സന്തോഷിക്കുന്നു.

## 4. ദേവസഹായപ്പിള്ള.

മാപ്പിളക്കുന്നേൽ മത്തായിമാപ്പിള, പാലാ.

വില അണ 6.

ക്രിസ്തുമതാവലംബിയായ നീലകണ്ഠപ്പിള്ള എന്നൊരാൾ സത്യവേദത്തെ പ്രതി പീഡകളനുഭവിച്ചുമരിച്ചിട്ടുള്ള ചരിത്രം കേരളീയർക്കു സുപരിചിതമാണല്ലൊ. ജ്ഞാനസ്നാനം കൈക്കൊണ്ടശേഷം അദ്ദേഹത്തിൻെറ നാമം ദേവസഹായപ്പിള്ള അഥവാ ലാസർ എന്നായിരുന്നു. പ്രസ്തുത ചരിത്രം ഒരു ചെറിയ പ്രഹസനരൂപത്തിൽ എഴുതിയിട്ടുള്ളതാണ് ഈ പുസ്തകം. ഈദൃശകൃതികളുടെ ദാരിദ്ര്യം നിമിത്തം കേരളീയ കത്തോലിക്കയുവാക്കന്മാർ ഒട്ടധികം ബുദ്ധിമുട്ടുന്നുണ്ട്. അല്ലമായിട്ടെങ്കിലും ഇതിനെ പരിഹരിപ്പാൻ ശ്രമിച്ചതിൽ മിസ്റ്റർ മത്തായിമാപ്പിളയെ പ്രത്യേകം അഭിനന്ദിക്കേണ്ടതാണ്.

# വർത്തമാനസംഗ്രഹം.

## കേരളം.

തിരുവിതാംകൂർ നിയമസഭാതെരഞ്ഞെടുപ്പു ഇടവം 1-ാംനു- വ്യാഴാഴ്ചയും 3-ാംനു- ശനിയാഴ്ചയും നടക്കുന്നതാണ്.

പൊളിററിക്കൽ ഏജന്റു മിസ്റ്റർ കോട്ടൻ മാർച്ച 18 ാംനു- ശനിയാഴ്ച പോഞ്ഞിക്കര പ്രസിഡൻസി ബംഗ്ലാവിൽ വച്ചു തൃശ്ശൂർപള്ളിക്കേസു വിധി പറഞ്ഞിരിക്കുന്നു. പള്ളിയും വസ്തുക്കളും അതിൻപ്രകാരം സൂറായി ശീശ്മക്കക്ഷിക്കു ലഭിച്ചിരിക്കുന്നു.

മാർച്ച 22-ാംനു- മുതൽ എട്ടു ദിവസത്തേക്കു ചെമ്മലമററം കത്തോലിക്കാ ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പ്രസംഗമാഹായോഗം ഭംഗിയായി നടത്തിയിരിക്കുന്നതറിഞ്ഞു സന്തോഷിക്കുകയും ഭാരവാഹികളെ അനുമോദിക്കുകയും ചെയ്യുന്നു.

വത്തിക്കാൻ പ്രദർശനം സംബന്ധിച്ചു റോമിനു പോയിരുന്ന റവ. ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ. അവർകൾ പ്രൈവററായിട്ടുചേർന്നു ഡി. ഡി. പരീക്ഷയിലും, ബ. വരിക്കയിൽ മത്തായി ശമ്മാശൻ അവർകൾ പി. എച്ച്. ഡി. പരീക്ഷയ്ക്കും വിജയികളായിരിക്കുന്നതറിഞ്ഞു അവരെ അനുമോദിച്ചുകൊള്ളുന്നു.

കൊച്ചിനിയമസഭയുടെ ഉൽഘാടനകർമ്മം മഹാരാജാവു തിരുമനസ്സുകൊണ്ടു ഏപ്രിൽ 3-ാംനു- വെള്ളിയാഴ്ച സാഘോഷം നിർവ്വഹിച്ചിരിക്കുന്നു.

കൊച്ചി ദിവാൻ മിസ്റ്റർ നാരായണമേനവനവർകൾ കഴിഞ്ഞ മാസത്തിൽ ജോലിയിൽ നിന്നു പിരികയും ചീഫ്കോടതിജഡ്ജിയായിരുന്ന റാവുബഹദൂർ ററി. എസ്. നാരായണയ്യർ അവർകൾ തൽസ്ഥാനത്തു നിയമിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

മലങ്കരയുടെ മാർ അഗസ്റ്റീനോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഏപ്രിൽ 15-ാംനു- ബുധനാഴ്ച ബോംബെയിൽ നിന്നു റോമിനു കപ്പൽ കയറിയിരിക്കുന്നു. വികാരിജനറാൾ നെടുങ്കുഴുല്ലൽ പെ. ബ. തോമ്മാച്ചനവർകളെയാണ് അഡ്മിനിസ്ട്രയിററർ ആയി നിയമിച്ചിരിക്കുന്നത്. കുര്യാളശ്ശേരി മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഏപ്രിൽ 6-ാംനു- തിങ്കളാഴ്ചയും, കൊല്ലം മെത്രാനച്ചൻ ഏപ്രിൽ 23-ാംനു-യും കൊളമ്പിൽ നിന്നു് കപ്പൽ കയറിയിരിക്കുന്നു. തിരുമേനിമാർ സസുഖം തിരിച്ചെത്തുന്നതിനു സർവ്വേശ്വരൻ സഹായിക്കട്ടെ.

## ഇൻഡ്യാ.

പരേതനായ ഇഡ്യൻ സർവ്വസൈന്യാധിപനായ ലോർഡ്റോളിൻസന്റെ മൃതശരീരം കപ്പൽ കയററി ലണ്ടനിലേക്കു കൊണ്ടുപോയിരിക്കുന്നു.

---

# സിദ്ധൌഷധക്കുറിപ്പുകൾ.

(ധന്വന്തരി)

ഒരു ചെറിയ നെല്ലിക്കയോളം ശർക്കര ഉരുട്ടിയെടുത്തു ഏഴുമൂട്ടകളെ അതിനുള്ളിൽ അടക്കിവച്ചു ജ്വരപ്പനിയുടെ വരവിങ്കൽ ഗുളിക ഉടയാതെ സേവിക്കുക. ഇങ്ങനെ നാലുമുറയ്ക്കു സേവിച്ചാൽ നന്നാലാം പനിമാറും.

* * *

പടവലം കടുകുരോഹിണി, മുത്തങ്ങ ഇവകൊണ്ടോ, ഇതിൽ തന്നെ കടുക്ക കൂട്ടി ചേർത്തോ കഷായം വച്ചുസേവിച്ചാൽ വിഷമജ്വരം നീങ്ങുന്നതാണ്.

ചേരിൻകുരുവും അതിന്റെ എണ്ണയും കുഷ്ഠരോഗത്തിന് ഏററം വിശേഷപ്പെട്ട മരുന്നാണെന്ന് ആര്യവൈദ്യന്മാർ സിദ്ധാന്തിക്കുന്നു.

* * *

കറുപ്പുതിന്നു ശീലിച്ചവർക്കു പിന്നെ വേറെ മരുന്നുകൾ ഫലിപ്പാൻ അസാദ്ധ്യമാണ്.

* * *

മുറുക്കു അധികമായിട്ടുള്ളവർക്കു ദീപനക്ഷയം വന്നുകൂടാൻ എളുപ്പമുണ്ട്.

മാർച്ചു 29-ാംനു- ഞായറാഴ്ച ബോംബെ അതിരൂപതയിൽ ഒരു കത്തോലിക്കാ പ്രസിദ്ധീകരണദിവസമായി കൊണ്ടാടുകയും, എല്ലാ ഇവകകളിലും അന്നേദിവസം പ്രസ്തുത വിഷയം സംബന്ധിച്ച പ്രസംഗങ്ങൾ നടത്തുകയും ചെയ്തതായി അറിയുന്നു. "കത്തോലിക്കഎക്സാമിനർ" പത്രത്തിന്റെ പ്രതി അആഴ്ചയിൽ പതിവിലെന്യേ ആയിരംപ്രതികൾ കൂടുതൽപിടിഞ്ഞതായിക്കാണുന്നു.

നാലുമാസത്തെ അവധിയിൽ ശീമക്കു പോയിരിക്കുന്ന ഇൻഡ്യാവൈസറോയി ലോർഡ് റീഡിങ്ങിനു പകരം നിയമിതനായിരിക്കുന്ന ലോർഡ് ലിട്ടൺ അവർകൾ കുറെദിവസത്തേക്കു ഊട്ടക്കമണ്ടിൽ വന്നു താമസിക്കുന്നതായി അറിയുന്നു.

ബോംബേ കോർപ്പറേഷ്യന്റെ പ്രസിഡണ്ടായി ഉത്തമകത്തോലിക്കനായ മിസ്റ്റർ ജോസഫ് ബപ്റ്റിസ്റ്റാ ബി. ഏ. എൽ. എൽ. ബി., എൽ. സി. ഈ., ബാർ അററ് - ലാ അവർകളേ തെരഞ്ഞെടുത്തിരിക്കുന്നു.

ഒരു കൊല്ലത്തിലധികം കാലമായി തൃശ്ശിനാപ്പള്ളി മെത്രാനച്ചനവർകളോടു മത്സരിച്ചു നിന്നിരുന്ന മേൻകുലസംഘക്കാർ തഞ്ചാവൂരിലെ റവ. ഫാദർ ഇഗ്നേഷ്യസ് അവർകളുടെ ശ്രമഫലമായി നേർവഴിക്കു പിന്തിരിഞ്ഞിരിക്കുന്നതായി അറിയുന്നതിൽ സന്തോഷിക്കുന്നു. ചില പ്രമാണികൾ പിന്നെയും മത്സരിച്ചു നിന്നിരുന്നവരും ഇപ്പോൾ തിരിഞ്ഞു വന്നിരിക്കുന്നതായി അറിവു കിട്ടിയിരിക്കുന്നു.

## ഇററലി.

മാർച്ച് മാസം 7-ാംനു- 450 ജർമ്മൻകാരും 200 ബവേറിയാക്കാരും തീർത്ഥയാത്രാസംഘമായിച്ചെന്നു പരിശുദ്ധ പിതാവിനെ സന്ദർശിച്ചിരിക്കുന്നു.

കാർഡിനൻ ഒക്കോണൽ തിരുമനസ്സിലെ നേതൃത്വത്തിൽ റോമയിലെത്തിയിരിക്കുന്ന ഒരു വലിയ തീർത്ഥയാത്രാസംഘത്തിനു പരിശുദ്ധ പിതാവു കഴിഞ്ഞ മാസത്തിൽ ഒരു പ്രത്യേക സന്ദർശനം അനുവദിച്ചിരിക്കുന്നു.

മംഗലാപുരത്തുനിന്നു റവ. ഫാദർ ജെ. എഫ്. പിന്റോയും, മൈലാപ്പൂരുനിന്നു റവ. ഫാദർ എൻ. എം. പിന്റോയും, മദ്രാസിൽ നിന്നു റവ. ഫാദർ തിയദോർ അവർകളും റോമയിലേക്കു തിരിച്ചിരിക്കുന്നു.

## ഇംഗ്ലണ്ട്.

കപ്പൽയാത്രക്കു പുറപ്പെട്ടിരുന്ന ചക്രവർത്തി തിരുമനസ്സുകൊണ്ടു കഴിഞ്ഞ മാസാവസാനത്തോടെ മടങ്ങി എത്തിയിരിക്കുന്നു.

ബർമിങ്ങാമിൽ ഒരു പ്രോട്ടസ്റ്റന്റു പാതിരി ദേവാലയത്തിൽ കൂടുന്നതിനു ആളുകളില്ലാതെ ചിത്രപ്രദർശനം, സദിരു്, നാടകം മുതലായവ കൊണ്ടു് ആളുകളെ ആകർഷിക്കുന്നതിനു ശ്രമിച്ചു തുടങ്ങിയിരിക്കുന്നതായിക്കാണുന്നു.

ആഫ്റീക്കാ സന്ദർശനത്തിനായി പുറപ്പെട്ടിരിക്കുന്ന വെയിൽസു രാജകുമാരൻ നൈജേറിയാ മുതലായ പല സ്ഥലങ്ങളിൽ ആഘോഷപൂർവ്വം സ്വീകരിക്കപ്പെട്ടിരിക്കുന്നതായി അറിയുന്നു.

ലണ്ടനിൽ താമസിക്കുന്ന തിരുവിതാംകൂർ സ്വദേശിയായ മിസ്റ്റർ മോറീസ് വാട്ട്സ് തിരുവിതാംകൂർ ദിവാൻപദം സ്വീകരിച്ചിരിക്കുന്നതായും, ഉടനെ അദ്ദേഹം ഇങ്ങോട്ടു തിരിക്കുന്നതാണെന്നും റൂട്ടർ കമ്പിയടിച്ചിരിക്കുന്നു.

## പലവക.

കത്തോലിക്കാ സഭയോടു യുദ്ധത്തിനിറങ്ങി പുറപ്പെട്ടിരുന്ന ഫ്റാൻസിലെ മിണ്ടാമാഗ്ഗ്പ്രധാനമന്ത്രിയായ ഹെറിയോ കഴിഞ്ഞമാസം 10-ാംനു- രാജിവയ്ക്കേണ്ടതായി വന്നുകൂടുകയാണുണ്ടായതു്. പകരം സ്ഥാനം കയ്യേററിരിക്കുന്നതു് മൊൺഷർ പെയിൻലെവ് ദേഹമാണു്.

ബൾഗേറിയായിൽ ഒരു ശവസംസ്കാര കർമ്മത്തിനു അനവധിയാളുകൾ കൂടിയിരുന്ന ഒരു കത്തീഡ്റൽപള്ളിയിൽ അരാജക കക്ഷികൾ ബോംബെറിഞ്ഞതിനാൽ ഇരുനൂറിൽപരം ആളുകൾ മരിച്ചതായും രണ്ടായിരത്തോളം ആളുകൾക്കു പരുക്കേററിട്ടുള്ളതായും അറിയുന്നു.

# മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരുരൂപാ മുമ്പേർ അടച്ചിരിക്കണം.

പരിശുദ്ധ കന്യക മറിയത്തിന്റെ സഹായത്താൽ എന്റെ അനുജനു ഒരു നല്ല ജോലി കിട്ടിയതിനു ഉപകാരസ്മരണ. ജി വി. എം. മുണ്ടയ്ക്കൽ.

ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും, വി. അന്തോനീസിന്റെ മദ്ധ്യസ്ഥതയാലും ഞാൻ പരീക്ഷയിൽ വിജയം പ്രാപിച്ചതിനു ഉപകാരസ്മരണ ചെയ്യുന്നു.

ഒ. വി പി. കോതമംഗലം.

തിരുഹൃദയത്തിന്റെയും മാർ അന്തോനീസിന്റെയും സഹായത്താൽ ഒരു കാൎയ്യം ഭംഗിയായി അവസാനിച്ചതിനു ഉപകാരസ്മരണ.

എ. എൻ. എ. വലപ്പാട്ട്.

പഴയൂർ മാർ അന്തോനീസിന്റെ മദ്ധ്യസ്ഥതയാൽ എന്റെ സഹോദരിയുടെ പ്രസവം സുഖമായി കഴിഞ്ഞതിനും, തിരുഹൃദയാനുഗ്രഹത്താൽ കുട്ടിയുടെ സുഖക്കേടു ഭേദപ്പെട്ടതിനും നന്ദി പറയുന്നു. പി. എസ്. ഏനാമ്മാക്കൽ.

മാർ യൌസേപ്പു പിതാവിന്റെ സഹായത്താൽ ഒരു നല്ലകാൎയ്യം സാധിച്ചുകിട്ടിയതിനു ഉപകാരസ്മരണ.

വി. റ്റി. എം. ചെറുവള്ളി.

ചെങ്ങളത്തു മാർ അന്തോനീസിന്റെ സഹായത്താൽ ഒരു കേസിൽ ഗുണം കിട്ടിയതിനു നന്ദി പ്രദൎശിപ്പിക്കുന്നു. എം. എം. സി വൈക്കം.

ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ അപേക്ഷയാൽ ഉദ്ദേശസാദ്ധ്യം ഉണ്ടായതിനു ഉപകാരസ്മരണ.

എഫ്. ജി. മുഞ്ഞോലി.

പരിശുദ്ധ പിതാവു് പത്താംപീയൂസ് മാർപ്പാപ്പായുടെ മദ്ധ്യസ്ഥതയാൽ ഒരു അസാദ്ധ്യരോഗം സുഖപ്പെട്ടതിനു ഉപകാരസ്മരണ. കെ. എം. ജെ. റ്റി.

ഒരു പ്രത്യേക മനോഗുണം സാധിച്ചുകിട്ടിയതിനു ഹൃദയപൂൎവ്വം ദൈവത്തിനു ഉപകാരസ്മരണ ചെയ്യുന്നു.

വി. ഐ. ജെ. കുതപറ.

# ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ചതായി പ്രറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

ചെറുവള്ളി പള്ളി ഇടവക വെള്ളക്കട തൊമ്മൻ അവർകൾ കുംഭം 3-ാംനു ൭൧ വയസ്സു.

അയ്യനാട്ടുപാറായിൽ കുഞ്ഞവിരാത്തരകനവർകളുടെ ഭാൎയ്യ ശ്രീമതി മറിയാമ്മ മാർച്ച് 31-ാംനു ചൊവ്വാഴ്ച.

അരുവിത്തുറപ്പള്ളിയിടവക വെള്ളൂക്കുന്നേൽ ജോർജ് അവർകൾ ഏപ്രിൽ 4-ാംനു.

എലിക്കുളം പള്ളിയിടവക കുമ്പളപ്പള്ളിൽ തൊമ്മി അവർകൾ 18 വയസ്സു.

വൈക്കത്തുപള്ളി ഇടവക വെട്ടിക്കാപ്പള്ളിലായ പാലേത്തു മാത്തു അവർകൾ ഏപ്രിൽ 12-ാംനു ൬൮ വയസ്സു.

# വി. അന്തോനീസിന്റെ നവനാൾ.

എല്ലാമാസത്തിന്റെയും ൨൧-ാംനു ആരംഭിച്ചു ൩൦-ാംനു അവസാനിപ്പിക്കുന്നതാണ്. ഈ നവനാൾ ജപത്തോട്ടു യോജിക്കുവാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ആവശ്യങ്ങൾ രേഖപ്പെടുത്തി താഴെകാണുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. നവനാൾ ആരംഭത്തിൽ ഇങ്ങനെ അയക്കുന്ന എഴുത്തുകൾ എല്ലാം വി അന്തോനീസിന്റെ പീഠത്തിൻ മുമ്പാകെ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ വച്ചുകൊണ്ടു് അപേക്ഷ നടത്തുന്നതും അവസാനദിവസം തുറന്നു നോക്കാതെ നശിപ്പിച്ചു കളയുന്നതുമാണ്.

മേൽവിലാസം.

വി. അന്തോനീസിന്റെ നവനാൾ പീഠത്തിലേക്കു്;

വേദപ്രചാര ഡയറക്ടർ,

കത്തോലിക്കാ മിഷ്യൻപള്ളി, പുത്തൂപ്പള്ളി,–കോട്ടയം.

# പഞ്ചാംഗം.

എപ്പകത്തി ൫.   ·൭൨   ഞായറാഴ്ച അക്ഷരം ·ദ

## ൧൯൨൫ മെയ് — ൧൧൦൦ മേടം — ഇടവം.

മാതാവിൻെറ വണക്കമാസം— ഈ മാസത്തിൽ ദൈവജനനിയുടെ സ്തുതിക്കായി ഏതെങ്കിലും ജപങ്ങളോ സൽകൃത്യങ്ങളോ ചെയ്യുന്നവൎക്കു പ്രതിദിനം ൩൦൦ ദി. ദ. വി.

1 19 വെ (✠) ശ്ലീ. പീലിപ്പും യാക്കോവും. ന. കു. ചെ. ചു.
2 20 ശ അ. മെൻ. അത്തനാസിയോസ്. ന ആ. കു. പെ. വെ.
3 21 ഞാ ✠ (ഉ ൩ാംഞാ.) യൌ. പിതാ. മാദ്ധ്യസ്ഥം ന. ആ. കു.
പെ. ✳ പ്രമ (✳ ൭൧) ·൭൨ ·൨ ·൧൮ വെ.
മാന്നാനം ആശ്രമദേവാലയത്തിൽ പ്രധാനതിരുനാൾ.
4 22 തി വിധ. മോനിക്കാ. ന. ആ. കു പെ. വെ.
5 23 ചൊ † പാ. മെൻ ൫-ാംപീയോസ്. ന. അ കു. പെ. വെ.
6 24 ബു ശ്ലീ. യോഹന്നാൻ ലത്തീൻവാതൽ. ന. ആ. കു. പെ ചു
എടത്വാപ്പള്ളിയിൽ ശു. ഗീവറുഗീസ്. പ്രധാന തിരുനാൾ.
7 25 വ്യാ അ. വേദ. സ്തനിസ്ലാവോസ്. ന. ആ. കു. പെ. ചു.
8 26 വെ ☺ മിഖായേൽ മാലാഖായുടെ പ്രത്യക്ഷത. ന. ആ കു ചെ വെ.
കട്ടുത്തുരുത്തിപ്പള്ളിയിൽ വി. മാലാഖാ. തിരുനാൾ.
9 27 ശ അ. മെൻ. മ. ഗ്രിഗോരി നസ്യൻസ് ന. ആ. കു. പെ. വെ.
10 28 ഞാ ✠ ഉ. ൪-ാം ഞാ. ന. കു ആ. ·൭൫ ·൭ ·൨ വെ.
11 29 തി ശ്ലൂ. കുരിശു കണ്ടെത്തൽ. ന. ആ കു പെ. ഈ. ന. ചു.
12 30 ചൊ വേദ. നെറേയോസും കൂട്ടരും. ന ആ കു പെ. ചു.
13 31 ബു വേദ. ഗോർദയാനും കൂട്ടരും ന ആ കു. പെ. ഈ. ൧൦. ചു.
14 1 വ്യാ വേദ. ബൊനിഫാസിയോസ്. ന ആ കു. പെ ചു.
15 2 വെ † അ. മെൻ അന്തോനീനൊ. ന. ആ കു. ചെ. ഈ. ൧൦ വെ.
16 3 ശ അ. മെൻ. ഉബാൽദോ. ന. ആ. കു. പെ. വെ.
17 4 ഞാ ✠ ഉ. ൫ ാം ഞാ. ന കു ആ. ·൮൫ ·൦ ·൧൮ വെ.
☞ അടുത്ത വ്യാഴം, തിരുനാൾ കടം.
കൊഴുവനാൽപ്പള്ളിയിൽ വി. യോഹ നെപ്പുമസ്യാൻ തിരുനാൾ
18 5 തി ലുത്തനിയ. ന. കു. ആ. റോ.
19 6 ചൊ ലുത്തനിയ. ന. ആ. കു. ഇന്നലത്തേതു്. റോ.
20 7 ബു ലുത്തനിയ. ന. ആ കു. കൎത്താ. സ്വൎഗ്ഗാരോഹണ തലേ. റോ.
21 8 വ്യാ ✠ ന. ക. സ്വൎഗ്ഗാരോഹണം. ന കു. പെ വെ.
22 9 വെ ● † പട്ട. വേ. നെപ്പോമുസേൻ ന. ആ. കു പെ ഈ ൧൩ ചു
23 10 ശ † മെൻ. പസ്ക്കാളി ന ആ. കു. പെ ഈ ൧൨. വെ.
24 11 ഞാ ✠ ഉ. ൬-ാം ഞാ. ന. കു ആ ·൭൨ ൯ ·൨ വെ.
25 12 തി പാ. വേദ. ഉർബ്ബാനോസ് ന ആ. കു പെ ചു.
26 13 ചൊ പാ. വേദ എലവുത്തേരി. ന ആ. കു പെ. ചു.
27 14 ബു പാ. വേദ. യോഹന്നാൻ. ന. ആ കു. പെ. ചു.
28 15 വ്യാ † ക. പാസീസ് മറിയം. ന. ആ കു ഇന്നലെ. വെ.
29 16 വെ ക. പൃദേന്തിയാനാ. ന. ആ. കു. പെ. ഈ ൧൯. വെ.
30 17 ശ പന്തക്കുസ്തു തലേനാൾ. ന. ആ കു തലേ. ചു.
31 18 ഞാ ✠ പന്തക്കുസ്തു. ന. കു. പെ. ·൨൮൪൨ ·൭൫ ·൨ ·൧൮ ചു.
ബുധൻ ഇ. വി. (കൎമ്മ. അമ സ. പൂ. ൯. വി. ൨൮൪)

---

Printed and published for the Proprietor by P. K. Joseph, at
The St. Joseph's Press, Mannanam. 1925.

# പ്രതിമാസം മുപ്പതു സമ്മാനങ്ങൾ.

## നസ്രാണിദീപികയുടെയും കൎമ്മലകുസുമത്തിന്റെയും വരിക്കാൎക്ക്.

വി. പി. രജിസ്റ്റർ ഏൎപ്പാടുനിമിത്തമുള്ള അനാവശ്യനഷ്ടം ഞങ്ങളുടെ മാന്യവരിക്കാൎക്ക് നേരിടാതിരിക്കുന്നതിലേക്കു സൌകൎയ്യപ്രദമായ മണിയോർഡർ ഏൎപ്പാട്ട് പാടുപോലെ നടപ്പിൽ വരുത്തുന്നതിന് ഞങ്ങൾ ശ്രമിച്ചുവരികയാണ്. മാന്യജനങ്ങളുടെ സഹകരണം ഈ വിഷയത്തിൽ ഉണ്ടായിക്കാണ്മാൻ ആഗ്രഹിക്കുന്നു. മണിയോർഡറായി വരിപ്പണം അയക്കുന്ന മാന്യവരിക്കാൎക്കു പ്രതിമാസം താഴെപ്പറയുന്ന മുപ്പതു സമ്മാനങ്ങൾ നല്കുന്നതിന് തീർച്ചപ്പെടുത്തിയിരിക്കുന്നു.

### സമ്മാനവിവരം.

നസ്രാണിദീപിക I. കുടിശ്ശികക്കാൎക്ക്

കുടിശ്ശികവകയിൽ മണിയോർഡറായി അയക്കുന്ന ഓരോ മൂന്നു രൂപായ്ക്കും ഓരോ നറുക്കുവീതം മാസാവസാനത്തിൽ ചിട്ടിയിട്ടു അതാതുമാസത്തിൽ ആ വക പിരിഞ്ഞുവരുന്ന തുകയിൽ നൂറ്റുക്കു 15 വീതംകൊണ്ടു പത്തു തുല്യസമ്മാനങ്ങൾ നല്കപ്പെടും.

II. ടി. തന്നാണ്ടു വരിപ്പണം വകയിൽ പഴയ വരിക്കാൎക്ക്

തന്നാണ്ടു വരിപ്പണം വകയിൽ മണിയോർഡറായി അയക്കുന്ന ഓരോ മൂന്നു രൂപായ്ക്കും ഓരോ നറുക്കുവീതം ചിട്ടിയിട്ടു മാസാവസാനം ആ ഇനത്തിൽ പിരിവുള്ളതിൽ നൂറ്റുക്കു 15 വീതംകൊണ്ടു പത്തു തുല്യസമ്മാനങ്ങൾ.

III. ടി. പുതിയ വരിക്കാൎക്ക്.

പുതുതായി ചേൎന്ന് വരിപ്പണം വകയിൽ മണിയോർഡറായി അയക്കുന്ന ഓരോ മൂന്നു രൂപായ്ക്കും ഓരോ നറുക്കുവീതം ചിട്ടിയിട്ടെടുത്ത് മാസാവസാനത്തിൽ ആ വക പിരിവിൽ നൂറ്റുക്കു 15 വീതം കൊണ്ട് തുല്യമായ വേറെ പത്തു സമ്മാനങ്ങൾ.

കൎമ്മലകുസുമത്തിനും മാസംതോറും ഇപ്രകാരംതന്നെ 30 സമ്മാനങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കുസുമത്തിന് മണിയോർഡർ അയക്കുന്ന ഓരോ രൂപായ്ക്കും ഓരോ നറുക്കുവീതം ഇടുന്നതാണ്. കുസുമം വക പുതിയ വരിക്കാൎക്കുള്ള സമ്മാനം ജൂലൈ 16-ാംനു- വരെയുള്ള വരവ് കുസുമമത്സരം മെഡൽവകയ്ക്കു ഉപയോഗിക്കുന്നതാണ്.

മാനേജർ, 'നസ്രാണിദീപിക', മാന്നാനം.

---

# വരാപ്പുഴ പത്യാല.

നി. വ. ദിവ്യശ്രീമാന്മാരായ കേരളത്തിലെ മെത്രാന്മാരുടെയും വന്ദ്യവൈദികന്മാരുടെയും മാന്യമഹാജനങ്ങളുടെയും പ്രശംസക്കും തൃപ്തിക്കും പാത്രീഭവിച്ചിട്ടുള്ള പുരാതന ചിത്രവേലക്കാരായ ഞങ്ങൾ പൊതുജനങ്ങളുടെ സൌകൎയ്യത്തെ ഉദ്ദേശിച്ച് വന്ദ്യവൈദികരുടെ താല്പൎയ്യപ്രകാരം ചങ്ങനാശേരി മെത്രാസനപ്പള്ളിക്കു സമീപം ഒരു ബ്രാഞ്ചാപ്പീസ് തുറന്നു പണികൾ നടത്തിവരുന്നു ഇവിടെ കൊത്തുരൂപങ്ങൾ, അൾത്താരകൾ ആദിയായ സകലവിധ വേലകളും, തങ്കം, ചായം ഇവ ഭംഗിയായിട്ടും മിതമായവിലയ്ക്കും ചെയ്തുകൊടുക്കുന്നതാണ് കൂടുതൽ വിവരമറിയേണ്ടവർ മറുപടിക്കു സ്റ്റാമ്പുസഹിതം എഴുതുക.

ഒരു കൎമ്മലീത്താമിഷ്യനറിയായ വെരി റവ: ഫാദർ ലൂസിയാൻ സി. ഡി. എം. ഏ. അവർകൾ ഞങ്ങൾക്കു അയച്ചുതന്ന ഒരു സർട്ടിഫിക്കെറ്റു താഴെ ചേൎക്കുന്നു.

Marcelline Pathiala has made for my church four Statues, two of St. Sebastian, one of St. Joseph and one of St. Antony. They are as far as I can understand fairly well done and the cost was moderate. It appears that he is an Artist, quite capable to do this kind of works, and with me he has been like a perfect gentleman.

(Signed) Fr. Lucian C. D.

മർസ്സീൻ പത്യാല, മാനേജർ, ബ്രാഞ്ചാഫീസ്,

ജെ. ജോസഫ് പത്യാല ആൻഡ് സൺസ്. ചങ്ങനാശേരി.

പുതിയ വരവു്, വില വളരെക്കുറവു്.

# പി. പാപ്പിക്കമ്പെനി, മാന്നാനം.

| ചെനാപ്പട്ടു നീളം വളയം | | | Rs. | As. | P. |
|---|---|---|---|---|---|
| ൧-ാം ചരട്ടു ൧വ്വ നീളം വളയം | 1ക്ക | | 0 | 13 | 0 |
| ൨-ാം ,, പിരിച്ചതു വ്വ | | ,, | 0 | 12 | 0 |
| ൩-ാം ,, ൨ | | ,, | 0 | 9 | 0 |
| ൪-ാം ,, ൧ | | ,, | 0 | 4 | 0 |
| ൧-ാം കമ്പി ൧ | | ,, | 0 | 2 | 0 |
| ൨-ാം ,, ൧ | | ,, | 0 | 3 | 0 |
| ൩-ാം ,, ൧ | | ,, | 0 | 4 | 0 |
| ൪-ാം ,, ൧ | | ,, | 0 | 4 | 6 |
| ആക്കമുടി വളയം ൧ | | ,, | 0 | 10 | 0 |
| അല്ട്ടസ് ൧-ാംതരം ൧ | | ,, | 0 | 6 | 0 |
| ടി ൨-ാംതരം ൧ | | ,, | 0 | 4 | 6 |
| ടി. ൩-ാംതരം ൧ | | ,, | 0 | 2 | 6 |
| പെന്തി. (Bridge) ൧ | | ,, | 0 | 2 | 6 |
| ആണി. (Screw) ൧ | | ,, | 0 | 2 | 6 |
| പരശ്ശുവാൾ ൧ | | ,, | 0 | 10 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No ൧. (മുട്ടഭാഷ) ഡസൻ | 1ക്ക | | 0 | 1 | 2 |
| നമ്പ്ര 1 മസൻറു ജോസഫ് | ,, | ,, | 0 | 1 | 9 |
| 125 ഇത്താല്യൻ കാശു. | ,, | ,, | 0 | 3 | 6 |
| 50 വി. കുർബാന. | ,, | ,, | 0 | 12 | 0 |
| 53 തിഹൃദയം | ,, | ,, | 0 | 12 | 0 |
| 53 ടി. | ,, | ,, | 0 | 13 | 6 |
| 131 തിരുഹൃദയം. | ,, | ,, | 0 | 13 | 6 |
| 6434 ,, | ,, | ,, | 0 | 12 | 0 |
| 8 സൊഡാലിററി. | ,, | ,, | 1 | 0 | 0 |

## അലൂ. വെന്തിഞ്ഞോ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 248 മുട്ടഭാഷ. ഡസൻ 1ക്ക | ,, | 0 | 4 | 6 |
| 234 കക്കടവൃത്തം. | ,, | 0 | 4 | 6 |
| 331 നീണ്ടഭാഷ | ,, | 0 | 5 | 0 |
| 337 വൃത്തം. | ,, | 0 | 5 | 0 |
| 338 വൃത്തം. | ,, | 0 | 8 | 0 |
| 7030 ചതിര എരട്ടത്തട്ടു ചെറുതു് | | 0 | 6 | 6 |
| 325 കക്കടവൃത്തം. | ,, | 0 | 8 | 0 |
| 324 കരിശുഭാഷ. | ,, | 0 | 6 | 6 |
| 7023 ചതിര ഒററത്തട്ടു. | ,, | 0 | 10 | 0 |
| 7231 ചതുര എരട്ടത്തട്ടു വലുതു് | ,, | 0 | 12 | 0 |
| 399 നക്ഷത്രഭാഷ | ,, | 0 | 13 | 6 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ടു | ,, | 0 | 13 | 6 |
| 398 കുരിശാകൃതി. ,, | ൧ക്ക | 0 | 10 | 0 |
| 389 ചങ്കുഭാഷകാശു ,, | ൧ക്ക | 0 | 5 | 0 |

## പള്ളിക്കുകാശുരൂപങ്ങൾ.

| | | | | | |
|---|---|---|---|---|---|
| ൧-ാം തരം ഡസ്സൻ 1 ക്ക | | | 5 | 0 | 0 |
| കാശു ൨-ാംതരം ഡസൻ ൧ ക്ക | | | 3 | 12 | 0 |
| ടി. ൩-ാംതരം | ,, | ൧ക്ക | 3 | 6 | 0 |
| ടി. ൪-ാംതരം | ,, | ൧ക്ക | 2 | 10 | 0 |
| ടി. ൫-ാംതരം | ,, | ൧ക്ക | 1 | 14 | 0 |

## കുരിശുകൾ.

| | | | | | | |
|---|---|---|---|---|---|---|
| അലൂ: കുരിശു $5\frac{1}{4}$ ഇഞ്ച് ഡസൻ 1 | | | | 10 | 8 | 0 |
| ടി ,, | $4\frac{3}{4}$ ,, | ,, | 1ക്ക | 7 | 8 | 0 |
| ടി. ,, | $2\frac{1}{4}$ ,, | ,, | 1ക്ക | 2 | 10 | 0 |
| ടി. ,, | $1\frac{3}{4}$ ,, | ,, | 1ക്ക | 1 | 14 | 0 |
| ചീനവെള്ളി ,, | | ,, | 1ക്ക | 0 | 1 | 9 |
| 389 പുള്ളിക്കൊന്ത | | ,, | 1ക്ക | 3 | 10 | 0 |
| 233 ഉരുക്കുകെട്ടു് | | ,, | 1ക്ക | 2 | 14 | 0 |
| 390-ാം നമ്പ്ര പുള്ളിക്കൊന്ത | | ,, | 1ക്ക | 4 | 0 | 0 |

## പടങ്ങൾ.

| | | | | |
|---|---|---|---|---|
| 8×10 വലിപ്പം നാപിസ്. പടം ഡ. | | 1 | 8 | 0 |
| ടി ജർമ്മൻ പടം | ,, | 1 | 12 | 0 |
| 13×17 ടി ടി | ,, | 4 | 14 | 0 |
| 16×20 ടി ടി | ,, | 6 | 6 | 0 |
| പ്രാർത്ഥനക്കു സയിസു പടങ്ങൾ | ,, | 0 | 4 | 6 |
| ടി ടി 100-ക്ക | | 2 | 0 | 0 |
| 240 പടമുള്ള പാളിപ്പടം പാളി 1ക്ക | | 1 | 14 | 0 |

## പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപ്രസംഗപ്പാട്ടു ചരിത്രം 1ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം ,, | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസൌന്ദര്യാൾ അമ്മാന | 0 | 8 | 0 |
| 7 പുത്രൻപാന | 0 | 4 | 6 |
| 8 ശുദ്ധീകരവണക്കം | 0 | 13 | 6 |
| 9 നിത്യാരാധന | 2 | 0 | 0 |
| 10 പീയൂഷസംഗ്രഹം | 0 | 10 | 0 |
| 11 തിരുഹൃദയവണക്കം | 0 | 10 | 0 |
| 12 അത്ഭുതലീലിപ്പുഷ്പം | 0 | 4 | 0 |
| 13 കുടുംബപ്രതിഷ്ഠ | 0 | 2 | 0 |
| 14 ദേവമാതാവിൻ വണക്കം | 0 | 13 | 6 |
| 15 ടി. ക്രൂശിക്കത്തിയതു്. | 1 | 6 | 0 |

**P. Pappy & Co.,**

Mannanam, Travancore